ANUAL SUBSCRIPTION RS. 60/- ONLY
RS. 5/- PER COPY

# യാക്കോബ്യൻ

2007, AUGUST

YAKKOOBYAN MONTHLY



## ഡോ. തോമസ് മാർ തിമോത്തിയോസ് തിരുമേനി ഓസ്ട്രേലിയയിൽ

**ആസ്ട്രേലിയാ:** മെൽബൺ മലങ്കര യാക്കോബായ സഭയുടെ കോട്ടയം, ഓസ്ട്രേലിയ ഭദ്രാസനാധിപൻ അഭി. ഡോ. തോമസ് മാർ തിമോത്തിയോസ് തിരുമേനിക്ക് മെൽബൺ മലയാളി സമൂഹവും യാക്കോബായ സഭാംഗങ്ങളും ചേർന്ന ഊഷ്മളമായ സ്വീകരണം നല്കി. ഓഗസ്റ്റ് 7-ന് ചൊവ്വാഴ്ച മെൽബൺ വിമാനത്താവളത്തിൽ എത്തിച്ചേർന്ന പിതാവിനെ വികാരി ഫാ. ഉല്ലാസ് വർക്കി വെട്ടിക്കുന്നേലിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. വൈകിട്ട് 7:30ന് അഭിവവന്ദ്യ പിതാവിന് വി. ദേവാലയത്തിൽവച്ച് ഊഷ്മളമായ വരവേല്പു നല്കി. ഓഗസ്റ്റ് 11-ന് വിവിധ ക്രൈസ്തവ സഭകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സെന്റ് തോമസ് ഡേ ആഘോഷത്തിൽ അഭിവന്ദ്യ തിരുമേനി അനുഗ്രഹപ്രഭാഷണം നടത്തി. ഓഗസ്റ്റ് 12-ന് ഞായറാഴ്ച 3 മണിക്ക് (സെന്റ് അപ്രേം സിറിയൻ ഓർത്തഡോക്സ് ചർച്ച് (2-4 ജോഫർ സ്ട്രീറ്റ്, റിസർവോയർ, മെൽബൺ) ഫോൺ. നമ്പർ: 0401889609) അഭിവന്ദ്യ പിതാവിന്റെ പ്രധാനകാർമ്മികത്വത്തിൽ വി. കുർബ്ബാനയും തുടർന്ന് സ്നേഹവിരുന്നും നടന്നു. വികാരി ഫാ.ഉല്ലാസ് വർക്കി (0401889609) ട്രസ്റ്റി. ജോയി അലക്സാണ്ടർ (0438805744) സെക്രട്ടറി. തോമസ് ഏബ്രഹാം (സജി കരുത്താനത്ത്) 0422255047 തുടങ്ങിയവർ നേതൃത്വം നല്കി.

## ഓർത്തഡോക്സ് അത്മായ ട്രസ്റ്റി പ്രസ്താവന പ്രാവർത്തികമാക്കുമോ?

മദ്ധ്യസ്ഥ ശ്രമത്തിലൂടെ സഭയുടെ സ്വത്തുക്കൾ കൈക്കലാക്കാനുള്ള പാത്രിയർക്കീസ് വിഭാഗത്തിന്റെ എല്ലാ ശ്രമത്തേയും ശക്തിയായി എതിർക്കുമെന്നു പാത്രിയർക്കീസ് വിഭാഗത്തിന്റെ ഏതെങ്കിലും സ്വത്തുക്കൾ സ്വന്തമായി സമ്പാദിച്ചിട്ടുണ്ടെങ്കിൽ അവയുടെ മേൽ ഓർത്തഡോക്സ് സഭ ഒരു കാലത്തും അവകാശം ഉന്നയിക്കുകയില്ല എന്ന് ആത്മീയ ട്രസ്റ്റി എം.ജി. ജോർജ്ജ് മുത്തൂറ്റ് മലയാളമനോരമയിലൂടെയും ജൂലൈ. 16-31, മലങ്കര സഭാ ദീപത്തിലൂടെയും നടത്തിയ പ്രസ്താവനയ്ക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ അമേരിക്കയുടെ യേശു മാർ അത്താനാസ്യോസ്, തുർക്കി ഭദ്രാസന മെത്രാപ്പോലീത്ത, തുർക്കിയിലെ പള്ളികൾ, യാക്കോബായ സഭയിൽപ്പെട്ട പള്ളികൾ ഇവ പണികഴിപ്പിച്ച ആലുവ തൃക്കുന്നത്തു സെമിനാരിയിൽനിന്നു ഒഴിഞ്ഞു പോകാൻ തയ്യാറാണോയെന്ന് യാക്കോബായ സഭാ വർക്കിംഗ് കമ്മറ്റിയംഗം അലക്സാണ്ടർ കാരയ്ക്കാട് ചോദിച്ചു. തൃക്കുന്നത്തു സെമിനാരിയുടെ ഭിത്തിയിൽ ഇതു വ്യക്തമായി കല്ലിൽ കൊത്തി വെച്ചിട്ടുണ്ട്. മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായുള്ള ഏതു സ്ഥാപനത്തിൽ നിന്നും ഒഴിഞ്ഞു പോകാൻ യാക്കോബായക്കാർ തയ്യാറാണ്. പക്ഷേ ജോർജ്ജു മുത്തൂറ്റ് അദ്ദേഹത്തിന്റെ പ്രസ്താവന പ്രാവർത്തികമാക്കുമോ? അദ്ദേഹം ചോദിച്ചു.

## റവ.ഫാ.ഡോ. സി.പി. വറുഗീസിന് ദേശീയ അവാർഡ്



ബറോഡ സെന്റ് മേരീസ് യാക്കോബായ സിറിയൻ ഓർത്തഡോക്സ് പള്ളി വികാരി, റവ.ഫാ.ഡോ.സി.പി.വറുഗീസിന്റെ വിദ്യാഭ്യാസ-സാമൂഹ്യ-സാമുദായിക മേഖലകളിലെ അമൂല്യസംഭാവനകളെ മാനിച്ചുകൊണ്ട്, സുപ്രസിദ്ധ ദേശീയ സംഘടന "ഇന്ത്യൻ സോളിഡാരിറ്റി കൗൺസിലിന്റെ ഈ വർഷത്തെ ജൂവൽ ഓഫ് ഇന്ത്യ എന്ന അതുല്യ ബഹുമതിക്കു അർഹനായി. അനേകം വിദ്യാഭ്യസ സംഘടനകളിൽ അംഗമായ ബഹു. അച്ചൻ, ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഒട്ടേറെ ലേഖനങ്ങൾ രചിക്കുകയും, 2002-ൽ ആത്മദീപത്തിലെഴുതിയ കഷ്ടതയുടെ ദൈവീക മനശാസ്ത്രം എന്ന ലേഖനം പ്രസ്തുത വർഷത്തെ ഏറ്റവും മികച്ചതായി തെരഞ്ഞെടുത്ത് ക്യാഷ് അവാർഡ് നല്കി ആദരിച്ചിട്ടുണ്ട്. പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനമായ ഐ.പി.സി.എൽ. സ്കൂളിന്റെ വൈസ് പ്രിൻസിപ്പാളായ ബഹു. അച്ചൻ ദി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എഫക്റ്റീവ് എഡ്യൂക്കേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ (ഐ.ഇ.ഇ.സി)-ന്റെ സ്ഥാപകനും കൂടെയാണ്. കേന്ദ്രമന്ത്രി മണിശങ്കരയ്യർ, ഷഹനാസ് ഹുസൈൻ, ഡി.എസ്.മാത്തൂർ, യു.ആർ.മേത്ത തുടങ്ങിയ മഹത് വ്യക്തികൾ പ്രസ്തുത അവാർഡിനർഹരായവരിൽ ചിലരാണ്. ഓഗസ്റ്റ് 4-ന് ഡൽഹിയിൽ നടക്കുന്ന സ്പെഷ്യൽ കോൺവെക്കേഷൻ സെറിമണിയിൽവച്ച് അവാർഡ്ദാനം നിർവ്വഹിക്കപ്പെടും. ബഹു. അച്ചൻ, അങ്കമാലി ഭദ്രാസനത്തിലെ, പള്ളിക്കര സെന്റ് മേരീസ് യാക്കോബായ ഇടവകയിലെ ചെറക്കാലയിൽ കുടുംബാംഗമാണ്.

Editorial

# ഇന്ത്യൻ ഓർത്തഡോക്സ് സെക്രട്ടറിയുടെ ബജറ്റു പ്രസംഗം ലജ്ജാകരം

കേരളത്തിലെ വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങളിൽ കത്തോലിക്കാസഭയോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് സ്വന്തം വ്യക്തിത്വം നഷ്ടപ്പെടുത്തി സഭയുടെ നിലപാട് വ്യക്തമാക്കാൻ ചങ്കൂറ്റം കാണിക്കാത്ത സെക്രട്ടറി കാതോലിക്കാ സ്ഥാനത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുമെന്ന പ്രസ്താവന തന്റെ സഭയുടെ കാതോലിക്കയുടെ സ്ഥിതി അതിദയനീയമാണെന്നു വെളിപ്പെടുത്തിയിരിക്കയാണ്.

ബിജുവിന്റെ ഘാതകനായ ടി.എം. വറുഗീസിനെ രക്തസാക്ഷിയാക്കാൻ ശ്രമിക്കുന്നതിലൂടെ കൊലയാളികളെ വിശുദ്ധവത്ക്കരിക്കുവാൻ ശ്രമിക്കുകയാണ്.

ബജറ്റു പ്രസംഗം സെക്രട്ടറിയുടെ പക്വതയില്ലായ്മയും സഭാചരിത്രത്തെക്കുറിച്ചുള്ള അറിവില്ലായ്മയുമാണ് വെളിപ്പെടുത്തുന്നത്. എന്തായാലും സഭാകേസ് നടത്തുവാൻ എറണാകുളത്ത് ആഫീസ് ആരംഭിക്കുന്നത് നല്ല കാര്യവും സഭയുടെ ദൗത്യവുമാണ്. പാത്രിയരപ്ക്കീസുകാരെ വഴിയാധാരമാക്കുമെന്നു വീമ്പിളക്കി നൂറ്റാണ്ടുകൾ കേസ് നടത്തിയ മുൻഗാമികളുടെ കാല്പാടുകൾ പിന്തുടരുന്നത് നല്ലതു തന്നെയാണ്.

പിന്നെ യാക്കോബായ, മലങ്കര കത്തോലിക്ക സഭകളുടെ കാതോലിക്കാമാരെ വെറുതെ വിട്ടേക്കുക. അവരെകണ്ട് പനിക്കണ്ട. അവരെ നോക്കാൻ വേറെ ആളുകളുണ്ട്. അവർ സ്വയം മാലയിട്ടവരല്ല. പിതൃത്വം ഉള്ളവരാണ്.

യാക്കോബായ സഭയുടെ കാതോലിക്കായെ വാഴിച്ചത്. വിപത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തിൽ വാഴുന്ന പ. സഖാപ്രഥമൻ പാത്രിയർക്കസും മലങ്കര കാത്തോലിക്കാ സഭ കാതോലിക്കയെ ജോൺ പോൾ II (ഇപ്പോൾ ബനഡിക്ട് പാപ്പാ) ആണ്. സ്വയഭൂവല്ല. കാനോനിക കാതോലിക്കാമാരാണ്.

## കാതോലിക്കേറ്റ്

പാശ്ചാത്യസഭയായ കത്തോലിക്കാ സഭയിൽ കാതോലിക്കാബാവാ സ്ഥാനമില്ല. പക്ഷേ അതിനോടുതുല്യമായ മേജർ ആർച്ച് ബിഷപ്പ് സ്ഥാനമുണ്ട്. അദ്ദേഹത്തിന് ഉൾഭരണ സ്വാതന്ത്ര്യമുണ്ട്. സുന്നഹദോസ് വിളിച്ചുകൂട്ടാം. മെത്രാന്മാരെ വാഴിക്കാം.

പൗരസ്ത്യ സഭയിൽ പെട്ട മലങ്കര സഭയ്ക്ക് മേജർ ആർച്ച് ബിഷപ്പ് താസ്തികയില്ല. പകരം കാതോലിക്കായുണ്ട്. ഉൾഭരണ സ്വാതന്ത്ര്യവും സിനഡ് വിളിക്കാനും മൂറോൻ കൂദാശ നടത്തുവാനും മെത്രാന്മാരെ വാഴിക്കുവാനും അധികാരമുള്ള കാതോലിക്കാ സ്ഥാനമുണ്ട്.

കത്തോലിക്കാസഭയ്ക്ക് കാനോൻ പ്രകാരം കാതോലിക്കയില്ല. എന്നാൽ മലങ്കര കാത്തോലിക്കാ സഭ പൗരസ്ത്യസഭയിൽപ്പെട്ടതായതിനാൽ പൗരസ്ത്യസഭകളുടെ കാനോൻപ്രകാരം പ്രത്യേകിച്ച് അന്ത്യോഖ്യൻ റൈറ്റുള്ളതിനാൽ കാതോലിക്കാസ്ഥാനം അവകാശപ്പെടുന്നു. കൂടാതെ അവർ വിശ്വസിച്ച് ഏറ്റു പറയുന്ന പൊതു സുന്നഹദോസിന്റ നിശ്ചയപ്രകാരം കാനോനികമായി പാത്രിയർക്കീസിന്റെ വലത്തു ഭാഗത്തു സ്ഥാനമുള്ള യറുശലേം പാത്രിയർക്കീസിനോടൊപ്പമാണ് കാതോലിക്കായുടെ സ്ഥാനം. അതായത് പാത്രിയർക്കീസായ മാർപ്പാപ്പ കഴിഞ്ഞാൽ സാർവ്വത്രിക സഭയിലെ രണ്ടാമനാണ് കാതോലിക്കാ. മാർ ഈവാനിയോസ് തിരുമേനിയുടെ കൂർമ്മബുദ്ധി പ്രാകരം കത്തോലിക്കാസഭയുമായി മലങ്കരസഭയിലെ ഒരു വിഭാഗം ഐക്യപ്പെടുമ്പോൾ ഉണ്ടാക്കിയ കരാർ പ്രകാരം സിറിയൻ പാരമ്പര്യവും അന്ത്യോഖ്യൻ റൈറ്റും അതായത് ആരാധനാക്രമവും ആചാരാനുഷ്ഠാനങ്ങളും വിശ്വാസപ്രമാണങ്ങളും പൗരസ്ത്യ സഭയുടെ കാനോനും അതേപടി പിൻതുടരണമെന്ന നിലപാടിൽ ഉറച്ചുനിന്നതുകൊണ്ടാണ്. ഇന്ന് മലങ്കരകത്തോലിക്കസഭ തികച്ചും ഉൾഭരണ സ്വാതന്ത്ര്യമുള്ള സ്വയം ഭരണാധികാരമുള്ള സഭയായി തീർന്നതും കാതോലിക്കേറ്റ് ഉണ്ടാക്കാൻ കഴിഞ്ഞതും. യഥാർത്ഥത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ വിശ്വാസപ്രമാണത്തിൽ നിന്നും ആഗോള കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണത്തിനു വ്യതിയാനമുണ്ടായത്. കൽക്കീദോൻ സിനഡിന്റെ സ്വാധീനമാണ്. മലങ്കരകത്തോലിക്കാ സഭ അന്ത്യോഖ്യാ പാത്രിയർക്കീസിനു പകരം മാർപ്പാപ്പയെ തലവനായി സ്വീകരിച്ചു എന്നതല്ലാതെ മറ്റ് മാറ്റമൊന്നും തങ്ങളുടെ വിശ്വാസപ്രമാണത്തിൽ വരുത്തിയുമില്ല. അതിന് നേട്ടമുണ്ടാക്കിതാനും.

മലങ്കരസഭയിൽ യഥാർത്ഥത്തിൽ 1912 ലാണ് കാതോലിക്കേറ്റ് ആദ്യമായുണ്ടായത്. അത് മലങ്കര യ്ക്കുവേണ്ടി സ്ഥാനഭ്രഷ്ടനായ അബ്ദുൾമ്ശിഹാ പാത്രിയർക്കീസ് സ്ഥാപിച്ചതാണ്.

കിഴക്കിന്റെ കാതോലിക്കാസ്ഥാനം എ.ഡി. 325 ൽ സാർവ്വത്രിക സഭയുടെ സുന്നഹദോസ് തീരുമാനപ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. അന്ന് സഭ ഒന്നേയുള്ളു. നിഖ്യാസിനഡ് ഏകസഭയുടെ ഭരണ സൗകര്യാർത്ഥം മൂന്നു അധികാരകേന്ദ്രങ്ങൾ സൃഷ്ടിച്ചു. റോം, അലക്സന്ത്രിയാ, അന്ത്യോഖ്യയുടെയും കിഴക്കൊക്കെയും. മൂന്നും റോമൻ സാമ്രാജ്യത്തിനകത്തെ സ്ഥലങ്ങളായിരുന്നു. ഇവ കേന്ദ്രീകരിച്ച് മൂന്ന് പാത്രിയർക്കേറ്റുകൾ സ്ഥാപിച്ചു.

അന്ത്യോഖ്യയ്ക്ക് റോമൻ സാമ്രാജ്യത്തിനു പുറത്തുള്ള പൗരസ്ത്യപ്രദേശത്തിന്റെ ചുമതലകൂടി നല്കിയതിനാലാണ് അന്ത്യോഖ്യയുടെയും കിഴക്കൊക്കേയുടെയും എന്നു സംജ്ഞ നല്കി അധികാരസീമ വിപുലീകരിച്ചത്. എ.ഡി. 381 ലെ കുസ്തന്തീനോസ് പോലീസിനെ പാത്രിയർക്കേറ്റാക്കി ഉയർത്തി. അവിടുത്തെ ചക്രവർത്തിയുടെ സ്വാധീനവും ഇക്കാര്യത്തിലുണ്ടായി. എന്നാൽ രാജ്യങ്ങൾ തമ്മിൽ ഭരണപരമായും ഭൂമിശാസ്ത്രപരമായും വലിയ അകലം ഉണ്ടായിരുന്നതിനാൽ അന്ത്യോഖ്യയും പൗരസ്ത്യദേശവുമായുള്ള ബന്ധവും അടുപ്പവും പ്രായോഗികതലത്തിലാക്കാൻ ബുദ്ധിമുട്ടായി. ആയതിനാൽ അന്ത്യോഖ്യാ പാത്രിയർക്കേറ്റിനുള്ളിൽ മെത്രാന്മാരെ വാഴിക്കുക, വി. മൂറോൻ കൂദാശ നടത്തുക തുടങ്ങി പാത്രിയർക്കീസ്ബാവയ്ക്കു മാത്രമുള്ള ചില അധികാരങ്ങൾ അഥവാ സമാനമായ ചില അവകാശങ്ങൾ കിഴക്കൻ പ്രദേശത്തു നല്കുവാൻ കാരണമാകുകയും ആവശ്യമായി വരുകയും ചെയ്തു. സഭയുടെ തലവൻ എന്ന നിലയിലല്ല മറിച്ച് പ്രാദേശിക സഭയുടെ തലവനും അധികാരിയുമെന്ന നിലയിൽ അന്ത്യോഖ്യാ പാത്രിയർക്കേറ്റിനുള്ളിൽ പേർഷ്യ, ജോർജ്ജിയ, അർമ്മേനിയ തുടങ്ങിയ രാജ്യങ്ങൾ ഉൾപ്പെട്ട കിഴക്കൻ സഭകളുടെ നിലനില്പിനും വളർച്ചയ്ക്കും വേണ്ടിയാണ് ഈ അധികാരസ്ഥാനം ക്രമീകരിച്ചതും ബാഗ്ദാദിനടുത്ത അന്ത്യോഖ്യയുടെ പടിഞ്ഞാറൻ ഭാഗമായ സെലൂഷ്യയിൽ അന്ത്യോഖ്യൻ പാത്രിയർക്കേറ്റിനുള്ളിൽ പാത്രിയർക്കീസിന്റെ ഒരു അധികാര കേന്ദ്രമെന്ന നിലയിൽ ഒരു കാതോലിക്കേറ്റ് ഏ.ഡി. 329 ൽ സ്ഥാപിച്ചതും.

എന്നാൽ റോമാ സാമ്രാജ്യത്തിൽ കാതോലിക്ക എന്ന പേര് വലിയ ഭൂപ്രദേശങ്ങളിൽ സ്വാതന്ത്രഭരണം നടത്തുന്ന ഗവ. ഉദ്യോഗസ്ഥന്മാരെ വിളിച്ചിരുന്നു എന്നതുകൊണ്ട് റോമൻ സഭ Catholicos എന്ന നാമം ആത്മീയ രംഗത്ത് സഭാ തലത്തിൽ ഉപയോഗിച്ചിരുന്നില്ല. Cath + Holikos എന്ന ഗ്രീക്കു പദങ്ങളിൽനിന്നാണ് ഈ നാമം ഉണ്ടായത്.

കാലക്രമേണ സെലൂഷ്യൻ സഭ നെസ്തോറിയൻ പാഷാണ്ഡോപദേശത്തിൽ ചെന്നു ചാടുകയും അന്നത്തെ കാതോലിക്കാ അക്കോക്ക് വേദവിപരീതിയാകുകയും ചെയ്തതിനാൽ രണ്ടാം സാർവ്വത്രികസുന്നഹദോസ് എപ്പേസൂസ് സുന്നഹദോസ് ഈ കാതോലിക്കേറ്റ് നിർത്തി കാതോലിക്കായെ മുടക്കി. പകരം കാതോലിക്കായെ വാഴിച്ചുമില്ല. പിന്നീട് മാർ യൂക്കൂബ് ബുർദ്ദാന അവിടേക്ക് ആഹൂദെമ്മെ വാഴിച്ചുയെങ്കിലും പീഡകളാൽ നിലനില്ക്കാനായില്ല. തന്മൂലം നെസ്തോറിയൻ കാതോലിക്കാ ശക്തിപ്പെടുകയും ചെയ്തു.

വളരെക്കാലം കഴിഞ്ഞ് അന്ത്യോഖ്യാ സിംഹാസനത്തിൽ ഗമോലോ മാർ അത്താനാസ്യോസ് പാത്രിയർക്കീസായപ്പോൾ കിഴക്കൻ സഭകളുടെ ആത്മീയ നിലനില്പിനായി തിഗ്രീസിൽ ഒരു മപ്രിയാനേറ്റ് സ്ഥാപിക്കുകയും മാർ മറൂത്തയെ മപ്രിയാനായി വാഴിക്കുകയും ചെയ്തു. 629–649 വരെ അദ്ദേഹം ഓസൂർ, അറേബ്യ, പേർഷ്യ നാടുകളുമായുള്ള ഭരണസീമയിൽ വേല ചെയ്തു. 19–ാം നൂറ്റാണ്ടിലെ പീഡകളാൽ തിഗ്രീസിലെ മപ്രിയാനേറ്റും നിന്നുപോയി. 'മപ്രിയാനാ' എന്ന പദം "ഫറോ" എന്ന സുറിയാനി പദത്തിൽ നിന്നുണ്ടായതാണ്. 'ഫലം കായ്ക്കുന്നവൻ' 'ഉല്പാദിപ്പിക്കുന്നവൻ' 'വർദ്ധിപ്പിക്കുന്നവൻ' എന്നിങ്ങനെയാണ് അർത്ഥം.

മപ്രിയാനേറ്റ് അന്ത്യോഖ്യാ പാത്രിയാർക്കീസിന്റെ സ്വന്ത ഇഷ്ടപ്രകാരം സ്ഥാപിച്ചിട്ടുള്ളതും വാഴിക്കപ്പെട്ടിട്ടുള്ളതുമാണ്. കാതോലിക്കേറ്റ് പൊതു സുന്നഹദോസിന്റെ തീരുമാനപ്രകാരം സ്ഥാപിച്ചിട്ടുള്ളതാണ്.

തിഗ്രീസിലെ മപ്രിയാനേറ്റ് ആണ് അബ്ദൽമ്ശിഹാ പാത്രിയർക്കീസ് സ്വന്ത ഇഷ്ടപ്രകാരം സിനഡ് തീരുമാനം കൂടാതെ മലങ്കരയിൽ സ്ഥാപിച്ചതെന്നാണ് കല്പനയിൽ കാണുന്നത്.

മലങ്കരസഭയിലെ തർക്കവും കേസും കേസിലെ ഒരു വിഭാഗത്തിന്റെ നിലനില്പും അപകടത്തിലാകുമെന്നു കണ്ടപ്പോൾ അതിബുദ്ധിമാനും വിദ്യാസമ്പന്നനുമായ ബഥനിയിലെ എം.എ. അച്ചനും (മാർ ഈവാനിയോസ്) കൂർമ്മബുദ്ധിക്കാരനും ദൈവശാസ്ത്രജ്ഞനും കാനോൻ വിദഗ്ധനുമായ വട്ടശ്ശേരി തിരുമേനിയും കൂടി ആലോചിച്ച് പൗരേഹിത്യ പിൻതുടർച്ചയ്ക്കും കൗദാശിക കർമ്മങ്ങളുടെ സാക്ഷാത്ക്കാരത്തിനുമായി 1912 സെപ്റ്റം. 15–ന് മുടക്കപ്പെട്ട അബ്ദൽമ്ശിഹാ പാത്രിയർക്കീസിനെ സിറിയയിൽ നിന്ന് മലങ്കരയ്ക്കു കപ്പൽമാർഗ്ഗം വരുത്തി നിരണം പള്ളിയിൽ കൊണ്ടുവന്ന് ഭീഷണിപ്പെടുത്തി കണ്ടനാടിന്റെ വോയവൃദ്ധനായ നഷ്ടപ്പെടുവാൻ ഒന്നുമില്ലാത്ത മുറിമറ്റത്ത് മാർ ഈവാനിയോസിനെ ബസ്സേലിയോസ് പൗലോസ് ഒന്നാമൻ എന്നപേരിൽ മപ്രിയാനായി വാഴിച്ചെടുത്തത്. അങ്ങനെ മലങ്കരയിൽ

ആദ്യമായി കാതോലിക്കേറ്റുണ്ടായി. പിന്നീട് അബ്ദുൽ മ്ശിഹാ കല്ലാശ്ശേരിൽ ഗീവറുഗീസ് റമ്പാനെ മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. 1913 മേടം 20-ന് ഒന്നാം കാതോലിക്കാ കാലം ചെയ്തു. മാർ പീലക്സിനോസിനെ 1925 മെയ് 1-ന് ഗീവറുഗീസ് പ്രഥമൻ കാതോലിക്കായായി പ്രഖ്യാപിച്ചു. അദ്ദേഹമാണ് ബഥനിയുടെ എം.എം. അച്ചനെ മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായാക്കിയത്. 1928 ധനു 4-ന് ഗീവറുഗീസ് പ്രഥമൻ കാലം ചെയ്തു. 1929 കുംഭം 2-ന് വട്ടശ്ശേരി തിരുമേനിയും ബഥനി മാർ ഈവാനിയോസും ചേർന്ന് കോട്ടയം ഏലിയ ചാപ്പലിൽവച്ച് കല്ലിശ്ശേരിൽ മാർ ഗ്രീഗോറിയോസ്നു ഗീവറുഗീസ് ദ്വിതീയൻ എന്ന പേരിൽ മൂന്നാം കാതോലിക്കായാക്കി. ഇതിനൊന്നും കാനോനിക നടപടിക്രമമോ സിനഡ് തീരുമാനമോ നിയമപരമായ സാധുതയോ ഇല്ലായിരുന്നു എന്നത് പ്രസ്താവ്യമാണ്.

കേസ് മെത്രാൻ കക്ഷിക്കു ദോഷമായി വന്നതിനാൽ സമാധാന സന്ധി സംഭാഷണത്തിനായി വട്ടശ്ശേരിൽ തിരുമേനി പാത്രിയർക്കീസിനെ കാണാൻ മർദ്ദീനിലേക്ക് പോയി. പോയവഴി ബാഗ്ദാദിൽവെച്ച് റഹ്മാനി കത്തോലിക്കാ പാത്രിയർക്കീസുമായി സംസാരിച്ചു. മെത്രാൻ കക്ഷിയുടെ ആത്മീയവും കൗദശീകവും മതപരവുമായ നിലനില്പിനു സഹായിക്കാമെന്ന വാഗ്ദാനം ലഭിച്ചതിനാൽ റഹ്മാനിയുടെ കത്തും പ്രകാരം വട്ടശ്ശേരി തിരുമേനി ഐക്യചർച്ചകൾക്കായി ബഥനിയുടെ മാർ ഈവാനാസിയോസിനെ റോമിലെ പാപ്പായുടെ അടുത്തേക്കയച്ചു. എന്നാൽ തിരിച്ചുവന്നപ്പോഴേക്കും സ്ഥിതിതിരിഞ്ഞുമറിഞ്ഞിരുന്നു. മെത്രാൻ കക്ഷി സുപ്രീം കോടതിയിൽ അപ്പീലിൽ ജയിച്ചു. കത്തോലിക്കാ ഐക്യശ്രമത്തിൽനിന്ന് വട്ടശ്ശേരി തിരുമേനിയും മെത്രാൻ കക്ഷി നേതൃത്വവും പിന്മാറി. പക്ഷേ മാർ ഈവാനാസിയോസ് തീരുമാനത്തിൽ ഉറച്ചുനിന്നു. സിറിയൻ പാരമ്പര്യം ഉപേക്ഷിക്കാതെ 1653 ൽ അന്ത്യോഖ്യൻ ആധിപത്യം സത്യം ചെയ്തുകൊണ്ടാണ് 1930 ൽ മലങ്കരയിലെ ഒരു വിഭാഗം ഐക്യപ്പെട്ടത്. പുനരൈക്യമായിരുന്നെങ്കിൽ, സിറിയൻ പാരമ്പര്യം ഉപേക്ഷിക്കുമായിരുന്നു.

ബഥനിയുടെ മാർ ഈവാനാസിയോസിനും സ്വയശീർഷക സ്വതന്ത്രസഭ സ്ഥാപിച്ച് പാത്രിയാർക്കീസോ കാതോലിക്കായോ ആകാമായിരുന്നു. എന്നാൽ അത് കാനോനികമോ വിശ്വാസപരമോ അല്ലയെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. കൂടാതെ പൗരോഹിത്യ പിൻതുടർച്ചയും കൗദാശിക നൽവരങ്ങളും നഷ്ടപ്പെടാത്ത വിധത്തിൽ സ്തുതി ചൊവ്വാക്കപ്പെട്ട സത്യവിശ്വാസം നിലനിർത്തിക്കൊണ്ട് സാർവ്വത്രിക സഭയോടുള്ള കൂട്ടായ്മ കൈവിടാതെ ഉൾഭരണ സ്വാതന്ത്ര്യമുള്ള പ്രാദേശിക സഭയായിരുന്നു മാർ ഈവാനാസിയോസിന്റെയും ലക്ഷ്യം.

ഇത് നഷ്ടപ്പെടുത്തി സ്വയം ശീർഷക സ്വാതന്ത്ര്യ സഭയെന്ന ആശയവും പാത്രിയർക്കീസിനോട് എല്ലാ വിധത്തിലും സമത്വവും പുതിയ സിംഹാസനവും ഒക്കെയാണ് ഇന്നത്തെ കാതോലിക്കാവിഭാഗം ആഗ്രഹിക്കുന്നത്.

ആകമാന സഭയോടു ചേർന്നു നിന്നാലേ പൂർണ്ണത ലഭക്കൂ. മുന്തിരതണ്ടിനോടു ചേർന്നു നില്ക്കാത്ത ചില്ലകൾക്ക് ജീവനില്ല.

വട്ടശ്ശേരിൽ തിരുമേനിയും മാർ ഈവാനാസിയോസും ചേർന്ന രണ്ട് ബൗദ്ധിക കേന്ദ്രങ്ങളുടെ യോജിച്ച ചിന്തയാണഅ മലങ്കരയിലെ കാതോലിക്കാ സ്ഥാപനം. കാതോലിക്കാ സഭയുടെ പിതചാവും തലവനുമല്ല പ്രാദേശിക ഘടകത്തിന്റെ പിതാവും തലവനുമാണ്. കാതോലിക്കായിക്ക് പാത്രിയർക്കീസ് മാത്രം നിർവ്വഹിക്കുന്ന ചില പ്രത്യേക കാര്യങ്ങൾക്ക് അധികാരമുണ്ട്. പക്ഷേ എല്ലാത്തിനുമില്ല എന്നു തന്നെയല്ല പാത്രിയർക്കീസിനു സമനല്ല കാതോലിക്കാ. പാത്രിയർക്കീസ് നിഖ്യാനിസഡിന്റെ തീരുമാനപ്രകാരമാണ് മലങ്കരയിലെ കാതോലിക്കേറ്റ് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ (മുടക്കപ്പെട്ടതോ അല്ലാത്തതോ) സ്വന്ത ഇഷ്ടപ്രകാരം സൃഷ്ടിക്കപ്പെട്ടതാണ്. ഒടുവിൽ ഇന്ത്യയുടെ പരമോന്നത കോടതിയും കണ്ടെത്തി പ്രസ്താവിച്ചു. കാതോലിക്കായുടെ മേൽസ്ഥാനിയാണ് പാത്രിയർക്കീസ്. ഇത് അംഗീകരിക്കുവാൻ അപ്രകാരംപ്രവർത്തിക്കാൻ കാതോലിക്കാ വിഭാഗം തയ്യാറായെങ്കിൽ 1934ലെ ഭരണഘടനപ്രകാരം കാതോലിക്കാ വാഴിക്കപ്പെട്ടാൽ സഭയുടെ കാനോൻ അനുസരിക്കാൻ തയ്യാറായാൽ മലങ്കരയിൽ തർക്കം ഉണ്ടാകുമായിരുന്നില്ല. പാത്രിയാർക്കീസിനെ ഒഴിച്ചുനിർത്തി ഒരു സഭയുമില്ല.

പിതാവിനെപ്പോലെ മകനും ആയെന്നിരിക്കാം. പക്ഷേ സ്വന്തം പിതാവാകാൻ മകനു കഴിയില്ല. പാത്രിയർക്കീസിനു പിതൃത്വം സഭാ മാതാവു നല്കിയതാണ്. കാതോലിക്കായെ പുത്രനായാണ് പാത്രിയർക്കീസ് വാഴിച്ചത്. ഈ വിശ്വാസസത്യങ്ങൾ മറന്നുള്ള പോക്ക് ഗുണം ചെയ്യില്ല. ഓർത്തഡോക്സ് സെക്രട്ടറിക്ക് കേസ് നടത്താൻ സഭയുടെ ആഫീസ് എറണാകുളത്ത് തുറന്ന് ഉഷാറാക്കാം. ചിലടത്ത് ചിലർ ഉള്ളതുകൊണ്ട് ചില്ലറ വിജയങ്ങളും സമ്പാദിക്കാം. ദൈവതിരുമുമ്പാകെ കേസ് എടുക്കുമ്പോൾ തള്ളിപ്പോകും എന്നതിൽ തർക്കമില്ല.



**അലക്സാണ്ടർ കാരയ്ക്കാട്**

**എഡിറ്റർ**

# പകർച്ചപ്പനിയുടെ ബാക്കിപത്രം

തരകന്റെ സൗധത്തിൽ തൊട്ടടുത്ത്,
മദ്യപൻ പോത്തന്റെ കൊച്ചുകൂര
ഭ്രായയാം മാത്തിരീം പുത്രന്മാരും
കഞ്ഞിക്കുഴക്കരി പോലുമില്ല
പഞ്ഞത്തിൻ ദിവസങ്ങൾ തള്ളിനീക്കും
പോവില്ല പോത്തൻ പണികൾക്കൊന്നും
പണിക്കാരും പോത്തനെ വിളിക്കയില്ല
തുണക്കാരും അങ്ങോട്ടു ചെല്ലുകില്ല
തട്ടുകട കുട്ടനുമായിട്ടിഷ്ടമാണ്.
ഒരു കട്ടനും അപ്പവും അവൻ കൊടുക്കും
രാവിലെ ഷാപ്പു തുറന്നാലുടൻ
പോത്തനാണാദ്യത്തെ 'നാലുഗ്ലാസ്സ്'

തരകത്തി തങ്കമ്മ മാത്തിരിക്ക്
വീട്ടിലടുക്കള പണികൊടുത്തു
മാത്തിരിക്കൊപ്പമാ കുഞ്ഞുങ്ങളും
അന്തിയാകും വരെ അവിടെയത്രെ
കൈലികൾ മാത്രമല്ല വെള്ളമുണ്ടും
ചട്ടകൾ, കുഞ്ഞുങ്ങൾക്കു കൊച്ചുടപ്പും
രാത്രിയിൽ പോകുമ്പോൾ പോത്തനായി
ഒരു പാത്രം ചോറും കൊടുത്തയയ്ക്കും
"ചെറിയോർക്കു ചെയ്തതെനിക്കു ചെയ്തു"
തങ്കയെ തങ്കമ്മയാക്കീയതു വാക്യമത്രെ
'801 ചിന്തകൾ' വായിച്ചപ്പോൾ
ഒരു ഭാഗം ഹൃദയത്തിൽ പാഞ്ഞുകേറി
"ഏഴായിരത്തിന്റെ സാരി ചുറ്റും
കേഴമൻ കണ്ണാളെ ഒന്നു നോക്കൂ
മുറ്റത്തു നില്ക്കുന്ന പാവത്തിന്
നൂറിന്റെ തൊന്നു കൊടുത്തുകൂടെ
മുട്ടോളം വളയിട്ട 'പൊന്നു'മോളെ
പണിചെയ്യും പെണ്ണിന്റെ കല്യാണത്തിന്
കാൽപവൻ മോതിരം കൊടുത്തുകൂടെ?

2007 ലെ മിഥുനമാസം
വെള്ളിടിപോലൊരുമഴ ആർത്തിരമ്പി
റോഡുകൾ, തോടുകൾ പുഴപോലെയായി
കായലുപോലായി താഴ്വരകൾ

മുതലാളീ, തൊഴിലാളീ ഭേദമെന്യേ
പനിമൂലം പതിനായിരങ്ങളന്തരിച്ചു
വികാരിയച്ചനും ബേബിക്കുഞ്ഞും
ഒരുനാൾ പോത്തന്റെ വീട്ടിലെത്തി
പ്രാർത്ഥിക്കാൻ നിന്നവൻ ചിരിച്ചുപോയി
"എന്തിനാണച്ചാ, ഈ പണി ഇവിടെ വേണ്ട
എന്തിനീ പ്രാർത്ഥന - ഏതു ദൈവം
മരിക്കുംവരെ പോത്തൻ സുഖിച്ചിരിക്കും
ഡിഗ്രിയുള്ള എന്റെ ബേബിക്കുഞ്ഞും
എന്തിനി ഗോഷ്ടികൾ കാണിക്കുന്നു?"

പാതിരാ - പോത്തൻ വിളിച്ചുകൂവി
മാത്തിരീ, മാത്തിരീ വിറയ്ക്കുന്നു ഞാൻ
അയ്യയ്യോ എനിക്കു സഹിക്കവയ്യാ
മരിക്കും ഞാൻ നിശ്ചയം, ഞാൻ മരിച്ചാൽ
ഇക്കുഞ്ഞുങ്ങടെ ഭാവി !! ആരു നോക്കും?
ആയുസ്സ് - ആരോഗ്യം ദൈവകയ്യിൽ
എന്നുള്ള സത്യം നന്നായെനിക്കു മനസ്സിലായി
ആയുസ്സ് ദൈവം തരുന്നുവെങ്കിൽ
ആയിട്ടും ഞാനൊരു ദൈവഭക്തൻ

വിവരം ഗ്രഹിച്ച നൽ ബേബിക്കുട്ടി
മരുന്നുകൾ വാങ്ങി കൊടുത്തുപോന്നു
ഒരുമാസം! പോത്തന് സൗഖ്യമായി
ബേബിയും, പിന്നാലെ പോത്തനുമായ്
പള്ളിയിലത്തി ജനം വിസ്മയിച്ചു
നല്ലൊരു കുമ്പസാരം നടത്തി പോത്തൻ
വിശുദ്ധ കുർബ്ബാന അനുഭവിച്ചു

പോത്തന്റെ കുടിലിന്റെ സ്ഥാനത്തിന്
യൂത്തുകാർ പണിയിച്ച നല്ലവീട്
2000 രൂപ ശമ്പളത്തിൽ
പോത്തനു ജോലിയും ശരിപ്പെടുത്തി
ദുരിതം മനുഷ്യന്റെ മനസ്സിനെയും
ദൈവത്തിലാശ്രയം - "പുതുമനുഷ്യൻ"

**മലങ്കര എഴുത്തച്ഛൻ**
**വന്ദ്യ. കണിയാപറമ്പിലച്ചൻ**

# വിശുദ്ധ നാട്ടിലൂടെയും, വിശുദ്ധ ഗ്രന്ഥത്തിലൂടെയും

കെ.ഒ.ഫിലിപ്പ് കൈപ്പട്ടൂർ

## സെഹിയോൻ മാളിക
## (THE UPPER ROOM OF ST. MARK)

ക്യംതാ ദൈവാലയത്തിൽ നിന്നും ഞങ്ങൾ യാത്ര തുടർന്നത്, സെഹിയോൻ മാളിക അഥവാ മർക്കോസിന്റെ മാളികയിലേക്ക് ആയിരുന്നു.

ഈ മർക്കൊസ് ആരാണ്? ശ്ലീഹന്മാരിൽ തലവനായിരുന്ന പത്രൊസിന്റെയും, പൗലൊസിന്റെയും ശുശ്രൂഷകനും സഹപ്രവർത്തകനുമായിരുന്നു. ജന്മനാ യഹൂദനായിരുന്ന ഇദ്ദേഹം പത്രോസിൽനിന്നും കർത്താവിനെ അറിഞ്ഞ് ക്രിസ്തീയ വിശ്വാസിയായി, പത്രൊസിന്റെ ദ്വിഭാഷിയും കൂടിയായിരുന്നു മർക്കൊസ്. യൂഹാനോൻ എന്ന് അപരനാമമുള്ള ഇദ്ദേഹം സെലൂക്യ, അന്ത്യോക്യാ, സൈപ്രസ് എന്നിവിടങ്ങളിൽ പൗലൊസിനോടും ബർണബാസിനോടും ചേർന്ന് പ്രവർത്തിച്ചു. ബർന്നബാസിന്റെ സഹോദരിയാണ് മർക്കൊസിന്റെ അമ്മ മറിയ. "മർക്കൊസിന്റെ സുവിശേഷം" എഴുതിയത് ഇദ്ദേഹമാണ്. (പത്രൊസിന്റെ പ്രസംഗങ്ങൾ ഓർമ്മയിൽ വച്ചുകൊണ്ട് എഴുതിയ സുവിശേഷമാണിതെന്ന് സഭാപിതാക്കന്മാർ). കൊലൊ. 4:10; 2തിമൊ. 4:11; 1പത്രൊ. 5:13 തുടങ്ങിയ ഭാഗങ്ങളിൽ ഈ മർക്കൊസിനെപ്പറ്റി പരാമർശിക്കുന്നുണ്ട്. എഴുപത് (എഴുപത്തിരണ്ട്) അറിയിപ്പുകാരിൽ ഒരുവൻ (ലൂക്കൊ. 10:1). കൂടിയായിരുന്നു മർക്കൊസ്. പത്രൊസ് ശ്ലീഹാ ഇദ്ദേഹത്തെ അലക്സന്ത്രയിലേക്ക് അയച്ചു. അവിടെ സുവിശേഷം അറിയിച്ച് സാക്ഷിമരണം പ്രാപിച്ചു.

ഉച്ചയ്ക്ക് 2 മണിയോടുകൂടെ സിയോൻ കുന്നിൽ സ്ഥിതിചെയ്യുന്ന മർക്കോസിന്റെ മാളികയിൽ ഞങ്ങൾ ത്തിച്ചേർന്നു ആ ഭവനത്തിന് മുമ്പിൽ ഇങ്ങനെ എഴുതിയിരിക്കുന്നു.

Syrian Orthodox convent the upper room of St. Mark

വന്ദ്യസ്ലീബാ കോർ എപ്പിസിക്കോപ്പ മാളിക മുറിയുടെ പ്രധാന വാതിലിൽ മുട്ടി വിളിച്ചു. മാളികയിൽ താമസിക്കുന്ന വന്ദ്യ ശാമുവേൽ ആഹാ റമ്പാച്ചൻ ഇറങ്ങിവന്ന് കതക് തുറന്ന് ഞങ്ങളെ ഹാർദ്ദവമായി സ്വീകരിച്ചു. ഒരു ചെറിയ ഇടനാഴിയിൽ കൂടി കടന്ന് ഞങ്ങൾ ദൈവാലയത്തിൽ പ്രവേശിച്ചു.

ലോകത്തിലെ ആദ്യത്തെ ക്രൈസ്തവ ദൈവാലയമാണിത്. വി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ഈ ദൈവാലയം സ്ഥാപിച്ചതിന്റ ഓർമ്മ ജൂൺ 15-ാം തീയതി ക്രൈസ്തവ ലോകം ആഘോഷിക്കുന്നു. '.....അവൻ വിരിച്ചൊരുക്കിയ ഒരു വൻമാളിക കാണിച്ചുതരും. അവിടെ ഒരുക്കുവിൻ എന്നു പറഞ്ഞു. അവർ പോയി തങ്ങളോടു പറഞ്ഞതുപോലെ കണ്ട് പെസഹാ ഒരുക്കി" (ലൂക്കൊ. 22:12-13) കർത്താവ് വിശുദ്ധ കുർബ്ബാന സ്ഥാപിച്ചത് ഇവിടെയാണ് (മർക്കൊ. 14:22-24). യഹൂദന്മാരെ ഭയന്ന് കർത്തൃശിഷ്യനായ യോഹന്നാനും, കന്യകമറിയാമും ഈ വീട്ടിൽ വന്ന് താമസിച്ചിട്ടുണ്ട്. ശ്ലീഹന്മാർ പരിശുദ്ധാത്മാവിനായി കാത്തിരുന്നത് ഈ ഭവനത്തിലായിരുന്നു. പത്രൊസ് കാരാഗൃഹത്തിൽ നിന്ന് മോചിതനായി രാത്രിയിൽ വാതിലിൽ മുട്ടി വിളിച്ചതും ഈ ഭവനത്തിന്റെ വാതിലിലാണ്. (നടപ്പ് .12:12). ഉയർപ്പിനു ശേഷം കർത്താവ് ശിഷ്യന്മാർക്ക് ഈ മാളികയിൽ വച്ച് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ശ്ലീഹന്മാരുടെ മേൽ ഊതി അവരോട് പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവാൻ പറഞ്ഞതും പാപമോചനാധികാരം നല്കിയതും ഇവിടെ വെച്ചായിരുന്നു. എ.ഡി. 70-ലെയറുശലേം നാശത്തോടനുബന്ധിച്ച് മർക്കൊസിന്റെ മാളികയ്ക്കും കേടുപാടുകൾ സംഭവിച്ചു എ.ഡി.72-ൽ ഇത് പുനരുദ്ധരിക്കപ്പെട്ടു.

യാക്കോബായ സിറിയൻ ഓർത്തഡോക്സ് സഭയുടെ ദയറാ കൂടിയായ ഈ മാളികയിലെ, പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള പള്ളിയിലെ ഭിത്തിയിൽ 6-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഒരു ശിലാഫലകത്തിൽ "മർക്കൊസ് എന്നു കൂടി വിളിക്കുന്ന യോഹന്നാന്റെ അമ്മ മറിയയുടെ വീടാണിത്. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം വി. ശ്ലീഹന്മാർ ഈ ഭവനം വിശുദ്ധ കന്യകമറിയാമിന്റെ നാമത്തിലുള്ള പള്ളിയാക്കിമാറ്റി". എന്ന് എഴുതിയിരിക്കുന്നു. പരിശുദ്ധ പരുമല തിരുമേനി 1895 ലെ ഹാശാ ആഴ്ച ശുശ്രൂഷകൾ ഇവിടെ താമസിച്ചുകൊണ്ട്, ഈ ദയറായിലും ക്യംതാ ദൈവാലയത്തിലും അനുഷ്ഠിച്ചു.

# വാങ്ങിപ്പിന്റെ ശേഷം ഒന്നാം ഞായറാഴ്ച

(ലൂ. 14:25-35; 15:1-10; മർക്കൊ. 10:35-45).

ഈ ഞായറാഴ്ച സന്ധ്യയുടെ ഏവൻഗേലിയോനിൽ ഒരുവൻ തന്റെ സ്വന്തക്കാരെ ഉപേക്ഷിക്കാതെ അവനു കർത്താവിന്റെ ശിഷ്യനായി പിന്നാലെ വരാൻ സാദ്ധ്യമല്ല, തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല എന്നും കാണുന്നു. കൂടാതെ ഒരുവൻ കെട്ടിടം പണിവാനോ ഒരു രാവു യുദ്ധം ചെയ്‌വാനോ ഭാവിക്കുമ്പോൾ ഇരുന്ന് ആദ്യമെ കണക്കു കൂട്ടിയിട്ടു വേണം അതിലേക്കു പ്രവേശിപ്പാൻ എന്നും കാണുന്നു.

പ്രഭാതത്തിന്റെ ഏവൻഗേലിയോനിൽ യേശു പാപികളെ കൈക്കൊള്ളുന്നതിനെക്കുറിച്ചു പരീശന്മാരും ശാസ്ത്രികരളും പിറുപിറുത്തപ്പോൾ കർത്താവ് പാപിയുടെ മാനസാന്തരത്തെക്കുറിച്ചുള്ള ഉപമകൾ പറയുന്നതായി കാണുന്നു. കാണാതെ പോയ ആടിനെക്കുറിച്ചും നാണയത്തെക്കുറിച്ചുമാണ് പറഞ്ഞത്.

വി. കുർബ്ബാനയുടെ ഏവൻഗേലിയോൻ, സെബദി പുത്രന്മാർ കർത്താവിനോടു ഒരുവൻ കർത്താവിന്റെ ഇടത്തും ഒരുവൻ വലത്തും രാജിതത്തിൽ ഇരിക്കണമെന്നാഗ്രഹം പ്രകടിപ്പിച്ചു, കർത്താവ് ആ ആഗ്രഹത്തെ നിരുത്സാഹപ്പെടുത്തി, മറ്റു അപ്പൊസ്തലന്മാർ അവരെ പരിഹസിച്ചു എന്നുള്ളവയാണ്.

ഇതിനുമുമ്പ് ഒരു ഞായറാഴ്ച നമ്മൾ ചിന്തിച്ചത്. കർത്താവിനുവേണ്ടിയും സുവിശേഷത്തിനുവേണ്ടിയും ത്യാഗം ചെയ്യുന്നവർക്ക് നല്ല പ്രതിഫലം കിട്ടുമെന്ന കാര്യമായിരുന്നു. ഇന്നത്തെ വിഷയമാകട്ടെ അങ്ങനെ ത്യാഗം ചെയ്യാത്തവൻ എന്റെ ശിഷ്യനാകാൻ കൊള്ളുകയില്ല എന്നതാണ്. മാത്രമല്ല തന്റെ കുരിശ് വഹിക്കുവാൻ തയ്യാറില്ലാത്തവനും കർത്താവിന്റെ പിന്നാലെ ചെല്ലാനർഹനല്ല എന്നും കൂടി താൻ കല്പിച്ചു.

എന്താണീ കുരിശ്? പഴയകാലത്ത് കുറ്റക്കാരെ തൂക്കുവാൻ ഉണ്ടാക്കിയിരുന്ന തൂക്കുമരമാണ് കുരിഷ്. മദ്ധ്യപൂർവ്വദേശത്ത്, അതിൽ തറച്ചു കൊല്ലുകയായിരുന്നു പതിവ്. നമ്മുടെ നാട്ടിൽ തൂക്കിക്കൊല്ലുകയാണ് പതിവ്, അതിന് കഴുകുമരം. കുരിശിൽ തറച്ചാൽ വേഗം ചാകുകയില്ല, രക്തം വാർന്നു പോയി വേദനപ്പെട്ടു വളരെ നേരം കൊണ്ടാണ് തൂക്കപ്പെട്ടവൻ മരിക്കുന്നത്. ആകയാൽ കുരിശ് എന്നതിന് നീണ്ടുനില്ക്കുന്ന വലിയ കഷ്ടപ്പാടും വേദനയും എന്നർത്ഥം വന്നു. "തന്റെ കുരിശെടുത്തു എന്റെ പിന്നാലെ വരട്ടെ" എന്ന് പറയുന്നതിന്റെ അർത്ഥം ഒരു മരക്കുരിശ് തോളിൽ വെച്ച് പിറകെ ചെല്ലണമെന്നല്ല. സാമ്പത്തികവും ജഡീകവുമായി വളരെയേറെ കഷ്ടപ്പാടുകൾ കർത്താവിന്റെ പിന്നാലെ പോകുന്നവർ സഹിക്കേണ്ടിവരും. ഈ ലോകത്തിൽ ദൈവവിളി അനുസരിച്ച് ദൈവിക വേലയ്ക്കായി കർത്താവിന്റെ പിന്നാലെ പോകുന്നവർക്കും, ലോകത്തിന്റെ വ്യാമോഹങ്ങളിൽ നിന്നൊഴിഞ്ഞ് സത്യത്തിന്റെയും നീതിയുടെയും മാർഗ്ഗത്തിൽ ചരിക്കുകയും, ദൈവിക കല്പനപ്രകാരം ജീവിക്കാൻ ശ്രമിക്കയും ചെയ്യുന്നവർക്കും വലിയ കുരിശുകൾ വഹിക്കേണ്ടിവരും. അത് ലൗകിക അധികാരികളിൽനിന്നും, ബന്ധുമിത്രാദികളിൽനിന്നും, അവഗണനയും, സഹകരണക്കുറവും ആയിരിക്കാം. ചിലപ്പോൾ രോഗമോ, പട്ടിണിയോ, കല്ലേറോ, തടവോ, കപ്പൽ ചേതമോ,അടിയോ, വാളോ ആയി വരാം.

വി. അപ്പൊസ്തലന്മാരും കർത്താവിന്റെ വേല ചെയ്തിട്ടുള്ള മറ്റു ശിഷ്യന്മാരും അനുഭവിച്ച പ്രയാസങ്ങൾ നടപ്പുകളുടെ പുസ്തകത്തിൽ നിന്നും സഭാചരിത്രത്തിൽനിന്നും വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളിൽനിന്നും നമുക്കു ഗ്രഹിക്കാം. ഇവയ്ക്കു പുറമെ പിശാചുക്കളുടെ പരീക്ഷകളും, ജഡത്തിന്റെ പരീക്ഷകളും, ധനത്തിന്റെ മോഹവും, മായാലോകത്തിന്റെ ആകർഷണങ്ങളും കർത്തൃകല്പനപ്രകാരം ജീവിപ്പാൻ ശ്രിമിക്കുന്ന വിശ്വാസിക്കു കുരിശായി അനുഭവപ്പെടും.

ക്രിസ്താനുകരണം എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: നീ ഒരു കുരിശ് അഭിമുഖീകരിക്കുമ്പോൾ അതിനെ ഒഴിഞ്ഞുമാറാൻ ശ്രമിക്കരുത്. അങ്ങനെ ചെയ്താൽ നീ അതിനെക്കാൾ വലിയൊരു കുരിശിനെ നേരിടേണ്ടിവന്നേക്കാം. ആകയാൽ കുരിശുകൾ വരുമ്പോൾ ഒഴിഞ്ഞുമാറരുത്, അതു ക്ഷമയോടെ വഹിക്കണം. "കർത്താവേ നിന്റെ നാമത്തിൽ ഈ കുരിശു വഹിപ്പാൻ ആവശ്യമായ ശക്തിയും ധൈര്യവും എനിക്കു തരണേ" എന്ന് പ്രാർത്ഥിച്ച് സഹന ശക്തിയോടെ അത് വഹിക്കണം "Bear the cross and wear the crown" (കുരിശു വഹിച്ച് കിരീടം ധരിച്ചുകൊള്ളുക) എന്നാണ് പഴഞ്ചൊല്ല്. ക്ഷമയോടെ ഇഹലോക ജീവിതത്തിൽ അനുദിനം തന്റെ കുരിശുകൾ പിറുപിറുപ്പുകൂടാതെ വഹിച്ചാൽ അവസാനം മഹത്വത്തിന്റെ കിരീടം നമുക്കു ലഭിക്കും. അന്ന് ആനന്ദവും സന്തോഷവുമുണ്ടാകും.

നാ കർത്തൃനാമത്തിൽ കുരിശു വഹിക്കുമ്പോൾ നാം തനിച്ചല്ല അത് വഹിക്കുന്നതെന്ന് തന്നത്താൻ ആശ്വാസപ്പെടണം. നമ്മുടെ രക്ഷയ്ക്കുവേണ്ടി ഭാരമേറിയ പാഴ്മരക്കുരിശു വഹിച്ചുകൊണ്ട് ഗോഗുൽത്തായിലേക്കു കയറിയ കർത്താവ് നമ്മോടൊരുമിച്ചുണ്ടെന്നും അവന് കൂടെയാണ് നമ്മൾ കുരിശു വഹിക്കുന്നതെന്നും നമ്മൾ ഓർക്കണം. അത് നമുക്ക് ആശ്വാസം നല്കും.

പ്രയാസങ്ങൾ സഹിക്കേണ്ടിവരുമ്പോൾ, ദൈവമായ കർത്താവേ നിന്റെ നാമത്തിൽ ഈ കുരിശു സഹിപ്പാൻ എന്നെ യോഗ്യനാക്കിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നുയെന്ന് തന്നത്താൻ പറയുക. കുരിശുകൾ വരുന്നത് നല്ലതാണ്. അവ നമ്മെ കൂടുതൽ ദൈവത്തോട് അടുപ്പിക്കുന്നു.

കെട്ടിടം പണിവാനോ യുദ്ധം ചെയ്വാനോ പുറപ്പെടുന്നവൻ ആദ്യമെ ഇരുന്ന് ഒരു കണക്കുകൂട്ടലും പദ്ധതി തയ്യാറാക്കലും ആവശ്യമാണ്. അങ്ങനെ ചെയ്താൽ പിന്നീട് ആക്ഷേപപാത്രമാക്കാൻ ഇടയാകയില്ല. നമുക്ക് എല്ലാ ദിവസവും ഓരോ പദ്ധതി തയ്യാറാക്കി പ്രവർത്തിക്കുന്ന ശീലമുണ്ടായിരിക്കണം. വെളുക്കുന്നതിനുമുമ്പ് ഉണർന്ന് പ്രാർത്ഥിച്ച് വേദപുസ്തകം വായിച്ച് മൗനമായി ധ്യാനിക്കണം. ദൈവയിഷ്ടമറിവാൻ കാത്തിരിക്കണം. ദൈവസന്നിധിയിലിരുന്ന് ദൈവയിഷ്ടപ്രകാരം ചെയ്വാനുള്ള കാര്യങ്ങൾ എഴുതിവച്ചിട്ട് പ്രവർത്തിക്കുന്നതും ഉത്തമമാണ്. ഇന്ന് വിജയജീവിതം നയിക്കുന്നവർ പലരും അങ്ങനെയാണ്.

കർത്താവ് പാപികളെ സ്വാഗതം ചെയ്തിരുന്നു. ദൈവം പാപിയെ സ്നേഹിക്കുന്നു, പാപത്തെ വെറുക്കുന്നു. നൂറാടുള്ള ഇടയൻ ഒരാട് കാണാതെ പോയാൽ തൊണ്ണൂറ്റി ഒൻപതിനെയും വിട്ടിട്ട് കാണാതെ പോയ ഒന്നിനെ അന്വേഷിക്കുന്നതുപോലെയാണ് ദൈവം പാപിയെ അന്വേഷിച്ച് ചെല്ലുന്നത്. ഇത് പഴയ നിയമത്തിലെ ആശയത്തിന്മേൽ ഒരു വിപ്ലവമായിരുന്നു. പഴയ നിയമത്തിൽ പാപിയോടു പ്രതികാരം, അവനെ ശിക്ഷിക്കുന്നത് അവനെ കൊല്ലുന്നത് ഇവയായിരുന്നു. ആ ആശയം പരിചയിച്ച യഹൂദന്മാർക്കി ക്രിസ്തുവിന്റെ പുതിയ സമീപനം രുചിച്ചില്ല. കാണാതെപോയ നാണയത്തിന്റെ കഥയും ക്രിസ്തീയ ആദർശം വ്യക്തമാക്കുന്നുണ്ട്.

സെബദി പുത്രന്മാരുടെ അപേക്ഷയിൽ സർവ്വസാധാരണമായ സാധാരണക്കാരന്റെ ബലഹീനതയാണ് നാം കാണുന്നത്. തനിക്കു ഉന്നത സ്ഥാനം വേണം. മറ്റുള്ളവരുടെ കാര്യം എങ്ങനെയായാലും വേണ്ടില്ല എന്നതാണ്. അത് കർത്താവ് പ്രോത്സാഹിപ്പിച്ചില്ല. ഉന്നതസ്ഥാനം അവനവനുവേണ്ടി അവനവൻ ആഗ്രഹിക്കരുത്. ഏറ്റവും താണസ്ഥാനം മതിയെന്ന് സ്വയം കരുതി വിനീത സേവനമനുഷ്ടിക്കണം. അർഹിക്കുന്നവനെ അന്യർ ഉയർത്തി പ്രതിഷ്ടിച്ചു കൊള്ളും. അതു ദൈവത്തിൽ നിന്നുണ്ടാകുന്നു. നേരെ മറിച്ച് ഉന്നതപദവി ആഗ്രഹിച്ചാൽ പക്ഷേ നീ അതിനർഹനല്ലെന്നു മറ്റുള്ളവർ കരുതിയാൽ നീ അപമാനിതനാകയില്ലേ? ആ ക്രിസ്തു ശിഷ്യന്മാർ വളര നല്ലവരും സൽപ്പേരുള്ളവരുമായിരുന്നു. അത്തരക്കാരെയാണ് ഇത്തരം പരീക്ഷ ബാധിക്കുന്നത് “Ambition is the best infirimity of the noble soul” എന്നു പറയാറുണ്ടല്ലോ. അവർ ശിഷ്യന്മാരായിരുന്നെങ്കിലും പരിശുദ്ധാത്മാവിനെ പ്രാപിച്ചിരുന്നില്ല, പൂർണ്ണതയിലെത്തിയിരുന്നുമില്ല. പ്രാരംഭദശയിലായിരുന്നു. ഇതു നമുക്കൊരു പാഠമായിരിക്കണം. നാമും താഴ്മയിൽ വളരണം.

# ലോകചരിത്രത്തിൽ ഇതാദ്യം

ഇന്റർ ഡിനോമിനേഷൻ ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ തിരുവചന സംവേദന ശുശ്രൂഷയായ വേർഡ് ടു വേൾഡ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ, ബ്രദർ ഡോ. മാത്യൂസ് വർഗീസിന്റെ നേതൃത്വത്തിൽ ഏതാണ്ട് ഒരുലക്ഷത്തിലധികമാളുകൾ സംസാരിക്കുന്ന പണിയ ഭാഷയിൽ തിരുവചനം നല്കപ്പെടുന്നത് (വി.ലൂക്കോസിന്റെ സുവിശേഷം-തെയ്യാം മഞ്ചെയാത്തായിനകതെ' = ദൈവം മനുഷ്യനായ കഥ) കേരളത്തിലെ ആദ്യ ഗോത്ര ജനതകളിൽ ഒന്നായ പണിയ ജനത പ്രാകൃതരും അലസന്മാരും പ്രകൃതി ശക്തികളെയും കല്ലിനെയും മരത്തെയും ആരാധിക്കുന്നവരും മന്ത്രവാദപ്രിയരും കാളീ ഭക്തരുമാണ്. അങ്ങനെയുള്ള ഒരു സമൂഹത്തിനാണ് ഇന്നാദ്യമായി ജീവന്റെ വചനം നല്കപ്പെടുന്നത്. ഈ മഹത്തായ യത്നം കേരളത്തിലെ സമ്പന്നമായ ക്രൈസ്തവ സമൂഹങ്ങൾക്കും സഭകൾക്കും ഇനിയും സുവിശേഷം വായിക്കുവാൻ അവസരം ലഭിച്ചിട്ടില്ലാത്ത ജനതകൾക്ക് അവ നല്കുവാൻ പ്രേരകമാകട്ടെ. ബൈബിളിന്റെ ആധുനിക പരിഭാഷയായ വിശുദ്ധ സത്യവേദപുസ്തകം വർത്തമാനകാല ഭാഷയിൽ മലയാള മക്കൾക്കു നല്കിയ ഈ ശുശ്രൂഷ, ഇപ്പോൾ ലോകചരിത്രത്തിൽ ആദ്യമായി ഒരു ലക്ഷത്തോളം ജനസംഖ്യമാത്രമുള്ള പണിയ ജനതയ്ക്കായി തിരുവചനം നല്കിയിരിക്കുന്നു.

# ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽ നിന്ദയാക്കുകയുമില്ല

## ആത്മതപനവും ഉപവാസത്തിന്റെയും ഫലം (യോവേൽ 2:11)

ആനി. വി.തോമസ്

**കേ**ൾപ്പിക്കുന്നു. അവന്റെ പാളയം അത്യന്തം വലുതും അവന്റെ വചനം അനുഷ്ഠിക്കുന്നവൻ ശക്തിയുള്ളവനും തന്നെ, യഹോവയുടെ ദിവസം വലുതും അതിഭയങ്കരവുമാകുന്നു. അത് സഹിക്കാകുന്നവൻ ആർ? എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടുംകൂടെ എങ്കലേക്കു തിരിവിൻ എന്നു യഹോവയുടെ അരുളപ്പാട്. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെത്തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ. അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ളവനല്ലോ. അവൻ അനർത്ഥത്തെക്കുറിച്ചു അനുതപിക്കും. നിങ്ങളുടെ ദൈവമായ യഹോവ വീണ്ടും അനുതപിച്ച് തനിക്കു ഭോജനയാഗവും പാനീയയാഗവുമായുള്ളൊരു അനുഗ്രഹം വെച്ചേക്കയില്ലയോ? ആർക്കറിയാം? സീയോനിൽ കാഹളം ഊതുവിൻ ഒരു ഉപവാസം നിയമിപ്പിൻ സഭായോഗം വിളിപ്പൻ, ജനത്തെ കൂട്ടിവരുത്തുവിൻ, സഭയെ വിശുദ്ധീകരിപ്പിൻ, മൂപ്പന്മാരെ കൂട്ടിവരുത്തുവിൻ പൈതങ്ങളെയും മുലകുടിക്കുന്നവരെയും ഒരുമിച്ചു കൂട്ടുവിൻ. മണവാളൻ മണവറയും മണവാട്ടി ഉള്ളറയും വിട്ട് പുറത്തുവരട്ടെ. യഹോവയുടെ ശുശ്രൂഷകന്മാരായ പുരോഹിതന്മാർ പൂമുഖത്തിന്റെയും യാഗപീഠത്തിന്റെയും മദ്ധ്യേ കരഞ്ഞു കൊണ്ട് യഹോവ നിന്റെ ജനത്തോടു ക്ഷമിക്കണമേ. ജാതികൾ അവരുടെമേൽ വാഴുവാൻ തക്കവണ്ണം നിന്റെ അവകാശത്തെ നിന്ദയ്ക്ക് ഏല്പിക്കരുതെ. അവരുടെ ദൈവം എവിടെയെന്ന് ജാതികളുടെ ഇടയിൽ പറയുന്നതെന്തിന്? എന്നിങ്ങനെ പറയട്ടെ.

*അങ്ങനെ ചെയ്താലുള്ള പ്രതിഫലമോ?*

2:18 അങ്ങനെ യഹോവ തന്റെ ദേശത്തിനുവേണ്ടി തീക്ഷ്ണത കാണിച്ച് തന്റെ ജനത്തെ ആദരിച്ചു. യഹോവ തന്റെ ജനത്തിന് ഉത്തരം അരുളിയത്. ഞാൻ നിങ്ങൾക്കു ധാന്യവും വീഞ്ഞും എണ്ണയും നല്കും. നിങ്ങൾ അതിനാൽ തൃപ്തി പ്രാപിക്കും. ഞാൻ ഇനി നിങ്ങളെ ജാതികളുടെ ഇടയിൽ നിന്ദയാക്കുകയുമില്ല. വടക്ക് നിന്നുള്ള ശത്രുവിനെ ഞാൻ നിങ്ങളുടെ ഇടയിൽനിന്ന് ദൂരത്താക്കി വരേണ്ടതും ശൂന്യവുമായൊരു ദേശത്തേക്കു നീക്കി അവന്റെ മുൻപടയെ കിളക്കെ കടലിലും അവന്റെ പിൻരപടയെ പടിഞ്ഞാറെ കടലിലും ഇട്ടുകളയും. അവൻ വമ്പു കാട്ടിയിരിക്കകൊണ്ട് അവന്റെ ദുർഗന്ധം പൊങ്ങുകയും നാറ്റം കയറുകയും ചെയ്യും. ദേശമേ ഭയപ്പെടേണ്ടാ, ഘോഷിച്ചുല്ലസിച്ച് സന്തോഷിക്ക യഹോവവൻ കാര്യങ്ങളെ ചെയ്തിരിക്കുന്നു. വയലിലെ മൃഗങ്ങളെ ഭയപ്പെടേണ്ട, മരുഭൂമിയിലെ പുല്പുറങ്ങൾ പച്ച വെക്കുന്നു. വൃക്ഷം ഫലം കായ്ക്കുന്നു. അത്തിവൃക്ഷവും മുന്തിരി വള്ളിയും അനുഭവ പുഷ്ടി നല്കുന്നു. സീയോൻ മക്കളെ ഘോഷിച്ചുല്ലസിച്ചു നിങ്ങളുടെ ദൈവമായ യഹോവയിൽ സന്തോഷിപ്പിൻ അവൻ തക്ക അളവായി നിങ്ങൾക്കു മുൻമഴ തരുന്നു. അവൻ മുമ്പേപോലെ നിങ്ങൾക്കു മുൻമഴയും പിൻമഴയുമായ വർഷം പെയ്യിച്ചുതരുന്നു. അങ്ങനെ കളപ്പുരകൾ ധാന്യംകൊണ്ട് നിറയും. ചക്കുകൾ വീഞ്ഞും എണ്ണയുംകൊണ്ട് കവിയും ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന എന്റെ മഹാസൈന്യമായ വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കുവേണ്ടി ഞാൻ നിങ്ങൾക്കു പകരം നല്കും. നിങ്ങൾ വേണ്ടുവോളം തിന്നു തൃപ്തരായി നിങ്ങളോടു അത്ഭുതമായി പ്രവർത്തിച്ചിരിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ സ്തുതിക്കും. എന്റെ ജനം ഒരുനാളും ലജ്ജിച്ചുപോകയുമില്ല. ഞാൻ യിസ്രായേലിന്റെ നടുവിലുണ്ട്. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ, മറ്റൊരുത്തനുമില്ല എന്ന് നിങ്ങൾ അറിയും. എന്റെ ജനം ഒരുനാളും ലജ്ജിച്ചുപോകയുമില്ല.

അപ്പോൾ മനസ്താപത്തിനും അനുതാപത്തിനും പ്രായശ്ചിത്തത്തിനും ദൈവസന്നിധിയിലുള്ള മൂല്യം ബോധ്യമല്ലേ.

■

# ലോകത്തിലെ പ്രഥമാനാഥാലായം

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി

കുരിശുമരണം സ്ഥിരീകരിക്കപ്പെട്ട മാതൃകയിൽ ജനക്കൂട്ടം മാറത്തടിച്ചുകൊണ്ടു മടങ്ങിപ്പോയി. ശത്രുപാളയത്തിന്റെ തലവനായ ശതാധിപൻപോലും മരിച്ച ദൈവപുത്രനെപ്രതി സ്തുതിഗീതം പാടിയാണ് കാൽവറി മലയിലിറങ്ങിയത്. വഴിയും സത്യവും ജീവനുമായവൻ നടന്ന വഴികളിൽ പിന്നാലെ നടന്ന സ്ത്രീകൾ അവന്റെ ജീവൻ പൊലിയുന്നതു നോക്കി അകലെ മാറിനിന്നു.

മകന്റെ കബറിടംകണ്ട് അന്ധാളിച്ചു നില്ക്കുകയും എന്നാൽ കബറടക്കം കഴിഞ്ഞ് കല്ലറയ്ക്കരികിൽ തളർന്നിരുന്നു മറിയത്തിനടുത്ത് ഒരാൾ മാത്രം ബാക്കിയായി. യോഹന്നാൻ അവളെ കൂട്ടി സ്വന്തം വീട്ടിലേക്ക് നടന്നു. നയീനിലെ വിധവയുടെ ഏകമകൻ മരിച്ചപ്പോൾ അവളുടെ കണ്ണീർ തുടച്ചവന്റെ വിധവയായ അമ്മയിതാ ഇന്നൊരു അഗതിയുടെ നിലയിൽ. (നയീനിലെവിധവ-ലൂക്കൊ.7:11-17) ലോകത്തിൽ ആദ്യമായി അനാഥാലയം അഥവാ അഗതിമന്ദിരം നടത്തിയ ക്രിസ്ത്യാനി യോഹന്നാനായിരുന്നു (യോഹ. 19:26-27) ആദ്യത്തെ അന്തേവാസി ദൈവമാതാവായ മറിയവും അനാഥയല്ല. അമ്മയായിത്തന്നെ അവൾ കഴിഞ്ഞു.

ജീവിതത്തകർച്ചയുടെ ശ്മശാനങ്ങളിൽ തളർന്നിരിക്കുന്ന പാവപ്പെട്ടവരെ അനുശോചനങ്ങളറിയിച്ച് സ്വന്തം ഭവനങ്ങളിലേക്ക് പിൻവാങ്ങുന്നവരാണ് നാം. മരിച്ചവരെ പ്രതി മാറത്തടിച്ച് മടങ്ങുമ്പോൾ മറക്കരുത്, ജീവച്ഛവമായി ആരൊക്കെയോ കുഴിമാടത്തിനരികിൽ ഇരിപ്പുണ്ട്. അവരെ ആരു നോക്കും? മറിയത്തെ ഏറ്റെടുക്കാൻ യോഹന്നാനുണ്ടായിരുന്നു. അവൾക്ക് ഉണ്ണാനും ഉടുക്കാനും കിടപ്പാടവും നല്കാൻ യോഹന്നാന് മനസ്സ് വന്നു. ഗുരുവിന്റെ ഹൃദയതാളം ഹൃദിസ്ഥമാക്കിയവന് ഗുരുമാതാവിന്റെ ഹൃദയനൊമ്പരം അറിയാൻ കഴിഞ്ഞു.

തോളിൽ നിക്ഷേപസഞ്ചിയും മടിയിൽ നീക്കിയിരുപ്പു രേഖകളും ഉള്ളവളായിരുന്നില്ല വി. കന്യക മറിയം. 'വഴി' മാത്രം ആധാരമായിരുന്നവളെ സ്വീകരിക്കാൻ യോഹന്നാനു കഴിഞ്ഞു. കാരണം, അവർ യേശുവിന്റെ മാതാവായിരുന്നു. ദിശാബോധം നഷ്ടപ്പെട്ട വഴിയാധാരങ്ങളെ വീട്ടിൽ സ്വീകരിക്കാൻ നമുക്കു കഴിയണം. സാധിക്കില്ല, അവർ യേശുവിന്റെ മാതാപിതാക്കളും സഹോദരങ്ങളും മക്കളുമാണെന്നു നാം മനസ്സിലാക്കുന്നതുവരെ.

## മരണത്തിന്റെ നാനാർത്ഥങ്ങൾ: ഫാ.ഡാർലി എടപ്പങ്ങാട്ടിൽ

സഹോദരന്മാരെ നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതിന് നിദ്രകൊള്ളുന്നവരെക്കുറിച്ച് അറിവില്ലാതിരിക്കരുത് (1തെസ്സ.4:13). വി. പൗലൊസ്സൂസ് ശ്ലീഹായുടെ ഈ ഉൽബോധനപ്രകാരം മരണത്തെക്കുറിച്ച് മലയാള ഭാഷയിലെ പ്രയോഗങ്ങളുടെ കാണാപ്പുറങ്ങളിലേക്കൊരു എത്തിനോട്ടം.

ശ്രേഷ്ഠ കാതോലിക്കാ ബസ്സേലിയോസ് പൗലൂസ് ദ്വിതീയൻ കാലം ചെയ്തുവെന്നു പറഞ്ഞാൽ എന്താണർത്ഥം? ഒരാൾ തന്റെ ജീവിതത്തിന്റെ കാലം പൂർത്തിയാക്കി എന്നതിൽ കൂടുതൽ ഭംഗിയായി മരണമെന്ന മഹാനിമിഷത്തെ എങ്ങനെ വർണ്ണിക്കാനാണ്. ജീവിതത്തിന്റെ വാച്ചിലെ ഒരു സൂചി ഒരു പ്രത്യേക നിമിഷത്തിൽ തന്റെ ദൗത്യം പൂർത്തിയായി എന്ന വകതിരിവിൽ സ്വയം നിലയ്ക്കുന്നതാണ് കാലം ചെയ്യുന്ന നിമിഷത്തിൽ സംഭവിക്കുന്നത്. ആ സൂചി പിന്നീട് അനങ്ങില്ല. ആ സൂചി നിർണ്ണയിക്കുന്ന കാലംെ ഒരുക്കി. മരണം എന്ന വാക്ക് പൂർണ്ണമായു വിനിമയം ചെയ്യപ്പെടുന്ന ഒരു പ്രയോഗമായി ഇതു മാറുന്നു.

മരണം എന്ന വാക്ക് മൃത്യുവിന്റെ 'മൃ' ശബ്ദത്തിൽനിന്നും രൂപപ്പെട്ടുവന്നതാണ്. Mortal എന്ന ഇംഗ്ലീഷ് വാക്കും 'മൗത്' എന്ന ഉർദുവാക്കും ജീവിതത്തിന്റെ അന്ത്യം എന്ന് മരണത്തെ കാണുന്നു. ജീവിതാന്തരത്തിൽ എന്തു സംഭവിക്കുന്നു എന്ന പ്രശ്നത്തെക്കുറിച്ചാലോചിക്കാതെ മരണത്തെ ഒരാളുടെ ജീവിതത്തിന്റെ അർത്ഥശങ്കയ്ക്കിടയില്ലാത്ത അന്ത്യമായി കാണുന്ന വാക്കുകളാണ് 'മൃ' ശബ്ദത്തിൽനിന്നും ഉണ്ടായചതെല്ലാം. അതിനോടടുത്തു നില്ക്കുന്ന, എന്നാൽ മരണത്തെ ജീവിതഗന്ധിയാക്കുന്ന ഒരു ഭാഷാപ്രയോഗമാണ് കാലം ചെയ്യുക എന്നത്. മരണമെന്ന വാക്ക് ജീവിതത്തെ സൂചിപ്പിക്കുന്നതേയില്ല. മരണമെന്നത് ജീവിതത്തിനപ്പുറത്തു നടക്കുന്ന ഒരു സംഭവമെന്ന മട്ടിലാണ് അതിന്റെ സൂചനകൾ. എന്നാൽ കാലം ചെയ്തുവെന്നു പറയുന്നത് അത് ജീവിതത്തിനുള്ളിൽവെച്ച് നടക്കുന്ന ഒരു ക്രിയയായി മാറുന്നു. ഇതെല്ലാം കൊണ്ടാണ് കാലം ചെയ്തുവെന്ന ഭാഷാപ്രയോഗം രൂപപ്പെട്ട

നിമിഷം ഭാഷയിലെ ഒരു സുന്ദരനിമിഷമാണെന്നു എഴുതാൻ കാരണം.

ഒരാൾ മരിക്കുമ്പോൾ യാക്കോബായക്കാരൻ അത് പലവിധത്തിൽ പറയാറുണ്ട്. ചിലർ ദിവംഗതനാകുമ്പോൾ മറ്റു ചിലർ നിര്യാതരാകും. ചില സാധാരണ മനുഷ്യർ അന്തരിക്കുമ്പോൾ, നാടുവാഴികൾ നാടു നീങ്ങുകയോ തീപ്പെടുകയോ ചെയ്യും. ചിലർ ഇഹലോകവാസം വെടിയുമ്പോൾ മറ്റു ചിലർ യശഃശരീരരാകുകയാണ് പതിവ്. ഇനി കുറച്ചുപേർ ജീവിതനാടകത്തിന്റെ അന്ത്യം കുറിച്ച് കാലയവനികയ്ക്കുള്ളിൽ മറയുകയാണ് ചെയ്യുന്നത്. മറ്റൊരു കൂട്ടർ മയ്യത്താകുകയാണ് പതിവ്.

പണ്ടൊക്കെ മലയാളത്തിൽ ആളുകൾ ചത്തുപോകാറുണ്ടായിരുന്നു. പക്ഷേ അതെന്തോ മോശം ഏർപ്പാടാണെന്ന മട്ടിൽ പട്ടി, പൂച്ച, അണ്ണാൻ, പശു, പോത്ത തുടങ്ങിയ ജീവിതങ്ങളുടെ അന്ത്യക്കുറിക്കുന്നുവാനേ ഇപ്പോൾ ഉപയോഗിച്ചുകാണാറുള്ളു. കഴിഞ്ഞ ഏതാനും മാന്യങ്ങൾക്കിടയിൽ എന്റെ ഭാര്യാപിതാവും മാതാവുമൊക്കെ മരിച്ചപ്പോൾ 'ചത്തു' എന്ന എന്റെ ഭാഷാപ്രയോഗത്തിൽ എന്റെ അന്യാമാന്യരോഷമാണ് പ്രകടിപ്പിച്ചത്. പക്ഷേ, ചത്തുപോകുക എന്ന വാക്ക് 'സത്ത് പോകുക' എന്ന മഹാ അർത്ഥമാണ് പേറുന്നത് എന്നറിയുമ്പോൾ ഈ നല്ല വാക്ക് നാമെന്തിന് ഉപേക്ഷിച്ചുവെന്ന് ഭാര്യാശകാരത്തിനിടയിൽ ആലോചിച്ചുപോയി. ('സത്ത് പോകുക') മഹാകവി കുമാരനാശാൻ ഒരനുശോചനം എന്ന കവിതയിൽ ചത്തുപോവുക എന്ന പ്രയോഗം ഉപയോഗിച്ചത് എത്ര ഉചിതമായിട്ടാണ് എന്നു നോക്കുക.

*"ചത്തവർക്ക് കണക്കില്ലയെന്നാലും*
*എത്ര പാർത്തു പഴകിയതാകിലും*
*ചിത്തത്തിൽകുറിയുന്നവർ പോകുമ്പോൾ*
*പുത്തനായ്തന്നെ തോന്നുന്നുവോ മൃതി"*

ആരു മരിച്ചാലും, ഭാഷയിലാണെങ്കിലും അതിലുപരി ജീവിതത്തിലാണെങ്കിലും ആ മരണത്തിന്റെ ധ്വനികൾ പേറുന്നത് ജീവിച്ചിരിക്കുന്നവരാണ് അവർ ദിവംഗതരായോ അതോ കോളേജ് കാമ്പസ്സിലെ വർത്തമാനങ്ങളിൽ വെറുതെ 'തട്ടിപ്പോവുക'യാണോ ചെയ്തതെന്ന്. എന്നാൽ, മരണമെന്ന പ്രഹേളികയെക്കുറിച്ച് ജീവിച്ചിരിക്കുന്നവരുടെ വെപ്രാളമാണ് ചിലരെ യശഃശരീരാക്കുന്നതും മറ്റു ചിലരെ ഇഹലോകവാസത്തിൽ നിന്നു മാത്രം പറഞ്ഞയക്കുന്നതും.

മരണമെന്ന മഹാശൂന്യതയെക്കുറിച്ച് ആലോചിക്കാൻ പേടിയുള്ള യാക്കോബായക്കാർ ഭാഷയിലൂടെ മരണാന്തരജീവിതത്തെ കണ്ടെത്തുന്നത് രസകരമാണ്. സാധാരണമരണങ്ങൾ റിപ്പോർട്ടു ചെയ്യുമ്പോൾ മലയാള ദിനപ്പത്രങ്ങളിൽ പൊതുവെ നിര്യാതരായി എന്ന പ്രയോഗമാണ് ഉപയോഗിക്കുന്നത്. എന്താണ് നിര്യാതനാകുക എന്ന പ്രക്രിയയിൽ സംഭവിക്കുന്നത്? നിര്യാതൻ എന്ന വാക്കിന് പുറപ്പെട്ടവൻ എന്നാണർത്ഥം. കയറ്റുമതിക്കുള്ള ഹിന്ദി ശബ്ദമാണ് "നിര്യാത്". അപ്പോൾ ഒരാൾ നിര്യാതനാകുമ്പോൾ അയാൾ ഒരു പ്രധാന യാത്രയ്ക്ക് പുറപ്പെട്ടിട്ടേയുള്ളുവെന്നും സത്യത്തിൽ ഒന്നും അവസാനിച്ചിട്ടില്ലെന്നും അർത്ഥം വരുന്നു. ദിവംഗതനാകുമ്പോഴും ഒരാൾ സ്വർഗ്ഗയാത്രയിലാണ്. ദിവത്തിന്റെ വാച്യാർത്ഥം സ്വർഗ്ഗമെന്നാണ്. വൈദികരൊക്കെ സ്വർഗ്ഗത്തിൽ പോകുന്നുവെന്ന സങ്കല്പത്തിലാണ് വൈദികൻ ദിവംഗതനായി എന്ന് തട്ടിവിടുന്നത്.

മലയാളത്തിൽ ഏറ്റവുമധികം യാക്കോബായക്കാർ മരിക്കുന്നത് അന്തരിക്കുന്നതിലൂടെയാണ്. അന്തരം എന്ന വാക്കിന് വ്യത്യാസം എന്നാണർത്ഥം. അന്തരിക്കുമ്പോൾഒരാൾക്ക് എന്തോ പ്രധാന വ്യത്യാസം സംഭവിക്കുന്നുവെന്നേയുള്ളു അർത്ഥം.

ഇനി സാധാരണ നാടൻ വിനിമയങ്ങളിലേക്ക് വരാം. ഒരാൾ മറ്റൊരാളോട് അയൽവാസിയുടെ മരണവാർത്ത പറയുന്നത് എങ്ങനെയാണ്? നമ്മുടെ കിഴക്കേതിലെ ജോണിച്ചേട്ടൻ പോയി. 2007 ജൂലൈ 28-ന് ശനിയാഴ്ച എന്റെ 'അമ്മായി അമ്മ' മരിച്ചു. ഒരളിയൻ പറഞ്ഞത് അമ്മ പോയി എന്നാണ്. എങ്ങോട്ടുപോയി എന്ന ചോദ്യത്തിന് ഉത്തരം എന്താണ്. എങ്ങോട്ടുപോയി എന്ന ചോദ്യത്തിന് ഉത്തരം എന്താണു? ഇവിടെയും മരണമെന്ന ജീവിതത്തിന്റെ തുടർച്ചയില്ലാത്ത അന്ത്യത്തെ അഭിമുഖീകരിക്കാൻ നാം വിഷമിക്കുന്നതു കാണാം. കവി ബൈറൺ എഴുതിയത് മരണം സ്വപ്നമില്ലാത്ത ഉറക്കം മാത്രമാണെന്നാണ്. എന്നാൽ 'മൃ' ധാതുവിൽ നിന്നുമുണ്ടാകുന്ന മരണാർത്ഥവാക്കുകൾക്കൊന്നും മരണാന്തരവിവക്ഷകളില്ല. അതിനാൽ കർത്താവിൽ നിദ്ര പ്രാപിച്ചുവെന്ന ഭാഷാ പ്രയോഗമാണ് യാക്കോബായക്കാരായ നമുക്ക് ഉചിതം.

ഒരു യാക്കോബായക്കാരന്റെ മരണം പത്രത്തിൽ റിപ്പോർട്ട് ചെയ്യുമ്പോൾ ശവസംസ്ക്കാര ശുശ്രൂഷ പരേതന്റെ വസതിയിൽ 'തുടങ്ങുന്ന സമയം" രേഖപ്പെടുത്തുവാൻ മറക്കാതിരിക്കുക. ഇപ്പോഴത്തെ മരണവാർത്തയിലെ സമയം ഏറെ തെറ്റുദ്ധാരണ പരത്തുന്നതിനാൽ ആളുകൾ പള്ളിയിലും പരേതന്റെ ഭവനത്തിലുമായി വിഭജിച്ച് പോകുന്ന നിത്യക്കാഴ്ച ഒഴിവാക്കാൻ മരണവാർത്ത എഴുതുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# അന്യമാകുന്ന പുഴകൾ നശിക്കുന്ന ലോകം

ഫാ. ജോസഫ് കർത്രാമണ്ണിൽ

പുഴകളും നദികളും കാടുകളും നിറഞ്ഞ സസ്യ ശ്യാമകോമളകേരളം മരുഭൂമിയായിക്കൊണ്ടിരിക്കുക യാണ്. ആറുകളും നീരുറവകളും അരുവികളും വറ്റി വരണ്ടുകൊണ്ടിരിക്കുന്നു. പമ്പാനദിയുടെ നിറം മാറു ന്നു. പ്രധാന കൈവഴി വരട്ടാർ ഇല്ലാതാകുന്നു. തീര ങ്ങൾ ചുരുങ്ങുന്നു. തോടുകളും കുളങ്ങളും നിക ത്തുന്നു. നീർത്തോടുകൾ കൃഷിഭൂമിയായി മാറുന്നു.

ഒരിക്കൽ നദീതടങ്ങൾ സംസ്ക്കാര കേന്ദ്രങ്ങളാ യിരുന്നു. കേരളത്തിലെ ഒരു പുരാതന സംസ്ക്കാരം വളർന്ന നദീതടമായ ബാരീസ് നദി. പമ്പാനദിയാ ണെന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം. പമ്പാ നദിയുടെ പ്രദേശങ്ങൾ വിദേശികൾക്ക് പ്രിയപ്പെട്ട കുരുവുളകു കൃഷിക്ക് പറ്റിയതായിരുന്നു. കച്ചവട ക്കാരായ നസ്രാണികൾ പമ്പാതീരപ്രദേശങ്ങളിലാ ണ് വസിച്ചിരുന്നത്. കൊടുങ്ങല്ലൂർ, നിലയ്ക്കൽ, ശബ രിമല മുതലായ ജനനിബിഡമായ പ്രദേശങ്ങളിൽ കച്ചവടത്തിനായി ഇവർ താമസിച്ചിരുന്നു. കേരളത്തി ലെ നാട്ടുരാജാക്കന്മാരും ഇടപ്രഭുക്കന്മാരും ഇവർക്കു വേണ്ട എല്ലാ സൗകര്യങ്ങളും കൊടുത്തിരുന്നു. ഇവ രുടെ വിശ്വസ്തതയേയും, സത്യസന്ധതയേയും സൈനിക പ്രാഗത്ഭ്യത്തെയും ഭരണാധികാരികൾ വിലമതിച്ചിരുന്നു. (Francisday of perumls P.14).നില യ്ക്കൽ മുതൽ നിരണം വരെയുള്ള ദേവാലയങ്ങളും അങ്ങാടിക്കടകളും, പമ്പാനദിതീരത്താണ് സ്ഥിതി ചെയ്തിരുന്നത്. പുരാതന പള്ളിപ്പാട്ടുകളിൽ ഈ കാ ര്യങ്ങൾ എടുത്തു പറഞ്ഞിട്ടുണ്ട്. മതമൈത്രി നില നിന്നിരുന്നതിനാൽ ക്രൈസ്തവ ദേവാലയങ്ങളായ നിലയ്ക്കൽ, കടമ്പനാട്, പുത്തൻകാവ്, കല്ലിശ്ശേരി, ചെങ്ങന്നൂർ, നിരണം, ആനപ്രമ്പാൽ മുതലായ ദേവാലയങ്ങളഅം ക്ഷേത്രങ്ങളുടെ സമീപം തന്നെ യായിരുന്നു സ്ഥിതിചെയ്തിരുന്നത്.

എ.ഡി. ഒന്നാം നൂറ്റാണ്ടിൽ അജ്ഞാതകപ്പൽ സ ഞ്ചാരി രചിച്ച (relyplus the erythream sea) പുസ്ത കത്തിൽ പെരിപ്പ്ഇസ് മസ്സീരീസിൽ നിന്നും തെക്കോ ട്ടു യാത്ര തിരിച്ച് നെൽ കിണ്ടിയാതുറമുഖത്തും അവി ടെനിന്നും ബെക്കോറാ തുറമുഖത്തും എത്തുന്നു. ഈ തുറമുഖം ബാരീസ് നദിയുടെ തീരത്താണ് സ്ഥി തി ചെയ്തിരുന്നത്. നെൽകിണ്ടിയാ നിരണമാണെ ന്നും, നാക്കിടയാണെന്നും അഭിപ്രായമുണ്ട്. ഈ പ്ര ദേശങ്ങളിൽനിന്നും റോമൻ നാണയങ്ങൾ കണ്ടെ ടുത്തിട്ടുണ്ട്. ഇത് വിദേശവ്യാപാരത്തെ എടുത്തു കാ ണിക്കുന്നു. നിരണത്തിനും തിരുവല്ലായ്ക്കും ഇടയ് ക്കുള്ള സ്ഥലമാണ് കടപ്പുറ. ഇപ്പോൾ കടപ്രയായി. അതിനടുത്ത അഴിയടുത്തചിറ. അഴിമുഖമായിരുന്നു വെന്നും വിദേശകപ്പലുകൾ ഇവിടെ എത്തിയിരുന്നു വെന്നും കരുതാം. കുരുമുളകും മറ്റു മലഞ്ചരക്കുക ളും പമ്പാനദിയിലൂടെ നാക്കിട തുറമുഖത്തെത്തിച്ച് വിദേശത്തേക്കയച്ചിരുന്നു. 18-ാം നൂറ്റാണ്ടിൽ ഡച്ചു കാർ കുരുമുളകു കൃഷി ജാവയിലേക്കു വ്യാപിപ്പി ക്കുന്നതുവരെ ലോകത്തുവേറെങ്ങും കുരുമുളകുകൃ ഷി ഉണ്ടായിരുന്നില്ല. കുരുമുളകു കടത്തിക്കൊണ്ടു പോകുവാൻ വേണ്ടി യൂറോപ്യന്മാർ നമ്മെ ചുമന്ന മുളക് ഉപയോഗിക്കുവാൻ പഠിപ്പിച്ചു. ഇത് ആമാശ യരോഗങ്ങൾക്ക് കാരണമായി. ഇതുപോലെ ചുക്കു വെള്ളവും സംഭാരവും കുടിച്ചു പരിചയിച്ച നമ്മെ ചായയും കാപ്പിയും കുടിക്കുവാൻ പരിചയിപ്പിച്ച് വ്യവ സായ ശൃംഖല തഴച്ചു.

കേന്ദ്രങ്ങൾ ഇന്ന് നദികൾ തോടുകളായിമാറുന്നു. പമ്പാനദിയിൽ മണൽവാരി ചേറിൽ കിളിർക്കുന്ന ആമ്പലുകൾ വളരുന്നു. നദിയുടെ മജ്ജയും മാംസ വുമായ മണലില്ലാത്തനദികൾ അസ്ഥിപഞ്ജരങ്ങ ളായി ജീവനില്ലാതാകുന്നു. ഉപ്പുവെള്ളം വേലിയേറ്റ ത്തിൽ നദിയിലേക്കു പ്രവഹിക്കുന്നു. ശുദ്ധജലത്തി ൽ വളരുന്ന മത്സ്യസമ്പത്തു നശിക്കുന്നു. മണൽപ്പ രപ്പിൽ മുട്ടയിടുന്ന മത്സ്യങ്ങൾക്കു വംശനാശം സംഭ വിക്കുന്നു. നദീതീരങ്ങൾ മത്സ്യത്തിന്റെ നേഴ്സറി കളായിരുന്നു. പ്രകൃതിയുടെ അരിപ്പയായ മണലി ല്ലാതാവുന്നതോടെ ശുദ്ധജലത്തിന്റെ അഭാവം മൂലം മലിനജലം കുടിക്കേണ്ടിവരുന്നു.

ആദിമകേരള ജീവിതക്രമത്തിൽ മാലിന്യമേ ഇ ല്ലായിരുന്നു. തുണിസഞ്ചികളും ചണച്ചാക്കുകളും കടലാസു കുട്ടകളുമുപയോഗിച്ചിരുന്ന നമ്മൾ ഇന്ന് ഒരിക്കലും നശിക്കാത്ത പ്ലാസ്റ്റിക്കു ചാക്കുകളും പ്ലാ സ്റ്റിക്ക് കൂടുകളുമാണ് ഉപയോഗിച്ചിരിക്കുന്നത്. വാഴ യിലയിൽ ഭക്ഷണം കഴിച്ചിരുന്നവർ ഇന്ന് പ്ലാസ്റ്റിക്ക് ഇലകളും പ്ലാസ്റ്റിക്ക് ഗ്ലാസ്സുകളുമാണ് ഉപയോഗിക്കു ന്നത്. മദ്രാസ്, ബോംബേ തുടങ്ങി പട്ടണങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകുന്നത്. ഓടകളിലും മറ്റു പല സ്ഥലങ്ങളിലും കുന്നുകൂടുന്ന പ്ലാസ്റ്റിക്കുകൾ കാര ണം വെള്ളം ഭൂമിയിലേക്കു താഴാതെ ഉപരിതല

ത്തിൽതന്നെ കിടക്കുന്നതിനാലാണ്. പ്ലാസ്റ്റിക് പാത്ര ങ്ങളിലെ ഭക്ഷണം മാരകമായ രോഗങ്ങൾക്കു കാര ണമാകുന്നു. പ്ലാസ്റ്റിക്ക് കത്തിച്ചാൽ വിഷവായു ഉണ്ടാ വും.

വളർന്നു വരുന്നഡിസ്പോസിബിൾ സംസ്ക്കാരം നാശമാണ്. എല്ലാം അവശിഷ്ടങ്ങളും പുറത്തേക്കെ റിയുകയാണ്. അറവുശാലകളിലെ അവശിഷ്ടം വഴി യോരത്തും നദികളിലും വീടുകളിലെ മാലിന്യം അ യൽ പുരയിടത്തിലേക്കും ഫാക്ടറികളിലെ മാലിന്യം നദികളിലേക്കും തള്ളുന്നു. ഇങ്ങനെ ശുദ്ധജലം കിട്ടി യിരുന്ന നദികൾ വിഷലിപ്തമാകുന്നു. പമ്പാനദിയി ലെ ജലം നീലകൊടുവേലിയിൽ തട്ടിവരുന്നതിനാൽ ഔഷധഗുണമുണ്ടായിരുന്നു. ഇതു നാം തീർത്ഥമായി കുടിച്ചിരുന്നു. ഇന്ന് ലക്ഷോപലക്ഷം വരുന്ന തീർ ത്ഥാടകരുടെ മാലിന്യവും പമ്പയിലേക്കാണ് തള്ളു ന്നത്. പമ്പയിലെ മലിനജലം കുടിച്ച് രോഗമുണ്ടാ കുന്നു. പകർച്ചവ്യാധികൾ പലതും മലിനജലത്തി ലൂടെയാണ് പകരുന്നത്. കൊച്ചു കേരളത്തിലെ ജല സ്രോതസുകൾ മാരകമായ വിഷംകൊണ്ട് നിറയു കയാണ്. തീർത്ഥാടനകാലത്ത് പമ്പയിലെ 100 മില്ലി മീറ്റർ വെള്ളത്തിലെ കോളിഫോം ബാക്ടീരിയാ യുടെ അളവ് മൂന്നു ലക്ഷത്തിലധികമാണ്. ഇത് 500 -ൽ അധികമായാൽ ഓടവെള്ളത്തിനു തുല്യമാണ്. ഇതുപായകരമായി വർദ്ധിച്ച് ഉപയോഗിക്കാൻ വയ്യാ തായി.

ഭൂമിയുടെ ജലവും, വനവും വായുവും പൊതുസ മ്പത്താണ്. ഇതും സംരക്ഷിക്കുവാൻ നമുക്ക് ഉത്ത രവാദിത്വമുണ്ട്. അഴിമതിയും, സ്വജനപക്ഷവാതവും കൈക്കൂലിയും മൂലം നിയമങ്ങൾ വ്യഥാവാകുന്നു. അറവുശാലകൾക്കും, പ്ലാസ്റ്റിക്ക് നിർമ്മാതാക്കൾ ക്കും, മണൽ ഖനനത്തിനും അനുവാദം കൊടുക്കു ന്ന ഗവൺമെന്റും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങ ളും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും എന്തുകൊ ണ്ടാണ് നോക്കുകുത്തികളായിമാറുന്നത്. പ്രഗത്ഭ ന്മാരും അഴിമതി രഹിതരുമായ ധാരാളം ഉദ്യോഗ സ്ഥന്മാർ നമ്മുടെ സാക്ഷര കേരളത്തിലുണ്ട്., അവർ നിസംഗതരായി പകച്ചു നില്ക്കുകയാണ്. പലരും നിരാശരായി പുറത്തു പോവുന്നു. മാഫിയ കളും ലോബികളും ശക്തരാണ്. മലേഷ്യ, സിംഗ പ്പൂർ മുതലായ ഏഷ്യൻ രാജ്യങ്ങളെയും യൂറോപ്യൻ രാജ്യങ്ങളെയും കണ്ടുപഠിക്കണം. നിയമം ലംഘിച്ച ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ മകനെ ഒരു സാധാര ണപോലീസുകാരൻ അറസ്റ്റു ചെയ്ത വാർത്ത നാം പത്രങ്ങളിൽ വായിച്ചതാണ്. അയാളുടെ ജോലി തെറിക്കുകയോ, സ്ഥലം മാറ്റുകയോ ചെയ്തില്ല. അവർ നിയമങ്ങൾ നന്മക്കാണെന്നു ചിന്തിക്കുന്നു. നാം നിസ്സംഗതരായി നിർവ്വികാരതരായി മാറുകയാ ണ്. ദുരിതവും, ദുരന്തവും നിസംസംഗതയിൽനിന്നു ണ്ടായതാണ്. സമൂഹത്തിലെ പ്രശ്നങ്ങൾ നമ്മുടേ തുകൂടിയാണ്.

നാളയെക്കുറിച്ചു ചിന്തിക്കുന്നവർ പരിസരശുചീ കരണത്തിനും മാലിന്യനിർമ്മാർജ്ജനത്തിനും പ്രാധാന്യം കൊടുക്കണം. വലിച്ചെറിയൽ സംസ്ക്കാ രം അവസാനിപ്പിക്കണം. നമ്മുടെ ദേവാലയങ്ങൾ മാ ലിന്യരഹിതമേഖലകളാക്കി മാറ്റണം. ഓരോ വിവാഹ കൂദാശകളും ശവസംസ്ക്കാരശുശ്രൂഷകളും കഴിയു മ്പോൾ എത്രമാത്രം പ്ലാസ്റ്റിക്ക് ഗ്ലാസ്സുകളും പ്ലാസ്റ്റിക്ക് പാത്രങ്ങളുമാണ് പള്ളി പരിസരങ്ങളിൽ നിറയുന്നത്. ഇതു നമുക്കൊഴിവാക്കി ഉദ്യാനങ്ങളാക്കി മാറ്റിക്കൂ ടാ. സമൂഹത്തോടുത്തരവാദിത്വമുള്ള ക്രൈസ്തവ സമൂഹം ഇതിനു നേതൃത്വം കൊടുക്കണം.

നമ്മുടെ ഇടവകകൾ മറ്റുള്ളവർക്ക് മാതൃകയാ യിത്തീരട്ടെ.

ദൈവവും മനുഷ്യരും, മനുഷ്യരും മനുഷ്യരും പ്രകൃതിയും മനുഷ്യരുമായുള്ള സഹകരണം വർദ്ധി പ്പിക്കണം. നമ്മുടെ കാരുണ്യപൂർവ്വമായ പ്രവർത്ത നങ്ങൾ ഈ ലോകത്തെ നാശത്തിൽനിന്നും രക്ഷി ക്കട്ടെ.

*പമ്പാ സംരക്ഷണസമിതിയുടെയും സംയുക്തമായി നടത്തിയ സെമിനാറിനു തയ്യാറാക്കിയ ലേഖനം.*

# സെന്റ് മേരീസ് കത്തീഡ്രൽ പത്തനംതിട്ട

പത്തനംതിട്ട ടൗണിലെ സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ വി. ദൈവമാതാവിന്റെവാങ്ങിപ്പു പെരുന്നാളും വാർഷികവും ആഗസ്റ്റ് 11 മുതൽ 15 വരെ വിവിധ പരിപാടികളോടു നടത്തപ്പെടുന്നു. ഭദ്രാസന മെത്രാപ്പോലീത്താ അഭി. യൂഹാനോൻ മാർ മിലിത്തിയോസ് നേതൃത്വം നല്കും. 11-നു വൈകിട്ട് 6ന് ഫാ. റോയി മുളമൂട്ടിൽ, 12ന് ഫാ. ജേക്കബ് നടയിൽ, 13-ന് ഫാ. ജേക്കബ് ജോസഫ് (വി.കോട്ടയം) എനനിവർ സുവിശേഷ പ്രഘോഷണം നടത്തും. 14ന് 6:30ന് ടൗൺ്ോ ചുറ്റി ഭക്തി നിർഭരമായ റാസ, എല്ലാ ദിവസവും രാവിലെ വി.കുർബ്ബാന 15-ാനു രാവിലെ വി. മൂന്നിന്മേൽ കുർബ്ബാന, പ്രഭാഷണം, നേർച്ചവിളമ്പ് ഇവയോടെ പെരുന്നാൾ സമാപിക്കും.

# 801 ചിന്തകൾ

വന്ദ്യ കണിയാംപറമ്പിലച്ചൻ

"വാർദ്ധക്യത്തിലെത്താനൊരു വഴി" ദൈവം തന്നു
"ജനനീ ജനകന്മാരെ" തോഷിപ്പിച്ച് മാനിച്ചിടുക
"കരതുക മക്കളെ" ആവശ്യം ആവശ്യം അതുപോൽതന്നെ
ബലമില്ലാത്ത ജനനീ ജനകരെ - കരുതുക മകനേ!
"വാർദ്ധക്യത്തിൽ" മക്കളുമൊത്തൊരുദിവസം പാർത്താൽ
"പറുദീസായിലെ" വാസം പോലെ പ്രസാദം നല്കും
ദൂരെപോയ മക്കൾക്കതുപോൽ ചിന്ത വരട്ടെ?
എന്നാൽ മാത്രമേ അവരുടെ മക്കളും അവരെയും ഓർക്കൂ
എൻ ജനകന് എൻ ജനനിക്ക് അന്ത്യസമയം
വെള്ളത്തിന്റെ ഒരു തുള്ളികൊടുക്കുന്നതാണേറ്റം ഭാഗ്യം
നിശ്ചലമായൊരമ്മയെ കാണാനല്ല വരേണ്ടത്
ഓമനമകനെ കണ്ടിട്ടമ്മ! ചിരിക്കട്ടല്പം!!
മൃതിവന്നാലും ലംഘിക്കില്ല ശാബദ യൂദർ
പട വന്നാലും തൊടുകില്ലന്നവർ കുന്തും വാളും!
ഒരുപുരിയങ്ങനെ കത്തിക്കാളിയ ചരിത്രവുമുണ്ട്!
ക്രിസ്ത്യാനിക്കു "ഞായർ" Holyday അല്ല "Holiday" അത്രെ.
വാനം മുട്ടും ഗോപുരസഹിതം പള്ളികളുണ്ട്
ആരാധിപ്പാൻ പതിനായിരത്തിന് ഇടമുണ്ടവിടെ
കായലിലുള്ള തുരുത്തുകൾപോലെ പത്തോനൂറോ
ആളുകളവിടെ നില്ക്കും കാഴ്ച വേദനാജനകം
ആരാധനകൾ "കാണുക - കേൾക്കുക' മാത്രം പോരാ
ആരാധനയിൽ സംബന്ധിക്കണം, പ്രാർത്ഥിക്കേണം
മനസ്സിലൊതുക്കാൻ വഹിയാതുള്ള "ഭാരക്കെട്ടുകൾ"
അവിടെയിറക്കി ആശ്വാസത്തോടെ തിരികെ പോകൂ!
"എന്നോടൊപ്പം ഇരിക്കുന്നോർക്ക് ഒന്നും നല്കാതവരെ
അയക്കില്ലെന്നരുളിയ" വാക്കുകൾ ഓർക്കുക മകനേ!
ആനയക്കു "മദം" ഇളകിയാൽ വളരെ നാശം ചെയ്യും
മനുഷ്യമൃഗത്തിനു "മദം" (അഹങ്കാരം) വർദ്ധിച്ചാൽ അതിലുമേറെ നാശം ചെയ്യും.
ആനയുടെ തുമ്പിക്കൈ വലിപ്പമില്ലാത്ത "മനുഷ്യൻ" അവനെ വിഴുങ്ങാവുന്ന
ആനയെ വരച്ചവരയിൽ നിർത്തുന്നു. വലുപ്പമല്ല "ബോധമാണ്" ആവശ്യം.
ചെങ്കോലേന്തി ഭരണം ചെയ്യും കാലം പോയി
അരുമയോടൊരുമ പാലിച്ചാലേ വിജയിക്കൂ
(ഭരണക്കാർ) അരചനുതുല്യം സിംഹാസനമതിൽ" വാഴാനല്ല"
പിഴവഴിക്കുഴിയിൽ വീഴുന്നോർക്കായ് കേഴാനത്രെ.
"തിന്മയ്ക്കു വാഴ്ചയും" നന്മക്കു "വീഴ്ചയും" ഉണ്ടാകുമെങ്കിലും ഇന്നല്ലേൽ നാളെ
'പരസ്യമാകാത്ത - രഹസ്യങ്ങളില്ല"
സത്യത്തെ കല്ലറയ്ക്കുള്ളിലാക്കി - മുദ്രവച്ചാലും വിശേഷമില്ല
വിജയശ്രീയോടതു ബഹിർഗമിക്കും ജയമില്ല സത്യത്തിനു ദീർഘാകാലം.
വിശുദ്ധിയെ പാലിച്ച യൗസേപ്പിന് തടവറ ശിക്ഷ ലഭിച്ചെങ്കിലും
പിന്നെയവർ കയറിയത് സിംഹാസനത്തിലേക്ക് - നീ മറക്കരുത്
"സ്വന്തരക്തത്തെ" വിറ്റ സഹോദരന്മാർ അനുജന്റെ മുമ്പിൽ മുട്ടുമടക്കിയില്ലേ!!

CHRCH - What is missing? U!

"ഏഴിൽ" ഒന്നു സമർപ്പിച്ചു യൂദർ
468 ൽ ഒന്നു സമർപ്പിക്കുവാൻ

To

Sri / Smt. ..............................................

..............................................

..............................................

**Printed Matter**

**If undelieverd Please return to:**
**Chev. K.J. Abraham Kodiattu,**
**Managing Editor**
**Yakkoobyan-Monthly**
**Tiruvalla P.O., Pathanamthitta (Dst.), Kerala.**

Printed & Published by S.O.S.S. Printed at Puthethu Offset Printers, Kallissery. Tel: 0479-2426561
Mag. Editor Chev. K.J. Abraham Kodiattu. Tel: 0469-2601005, Chief Editor (Hon) Fr. Koshy P. George, Tel: 0468-2286465,
Editor (Hon) Alexander Karakkad, Tel: 0479-2424177 (R) 94461 88030 (M), Website: www.yakkoobyan.org